VOL. IX  ISSUE 11    NOV. 2018   BELTHANGADY

## Feast of Christ the King
## November 25



ജയ് ജയ് ക്രിസ്തുരാജൻ!

# UDAYADEEPA BELTHANGADY
# ಉದಯದೀಪ ಬೆಳ್ತಂಗಡಿ
## ഉദയദീപ ബെൽത്തംഗഡി

Belthangady Diocesan Bulletin

TO LOVE AND TO SERVE

Vol. IX Issue. 11 November-2018 Page- 40

Annual Subscription: Rs. 140-00 Single Copy: Rs. 12-00

Edited, Printed and Published, by Fr. Lawrence Poonolil
Bishop's House, Udayanagar, P.B. No.13
Belthangady - 574 214, D.K., Karnataka, India.
Printed at Shree Raghavendra Printers, Ujire-574 240

Website: www.belthangadydiocese.com
Email : udayadeepabel@gmail.com
Tel.: 08256-232439, 233975

## CONTENTS


| | | |
|---|---|---|
| 1. | Circular No. 11/ 2018 | 5 |
| 2. | Circular : Bible Sunday | 7 |
| 3. | Circular No. 10/2018 | 14 |
| 4. | Notifications from the Chancellery | 17 |
| 5. | Catechism Department News | 19 |
| 6. | Social Service Department | 24 |
| 7. | Family Apostolate | 29 |
| 8. | Youth Apostolate (SMYM) | 31 |
| 9. | Seven new saints for Catholic Church | 36 |
| 10. | Bishop's Diary | 38 |
| 11. | Programme of the Bishop | 39 |


**Circular.No.11/2018**

വന്ദ്യ സഹോദരേ, വത്സല മക്കളേ,

"അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം ഭൂമിയിൽ സന്മനസുള്ളവർക്ക് സമാധാനം" എന്ന് ആശംസിച്ചുകൊണ്ട് ക്രിസ്തുമസ് സമാഗതമാകുകയാണ്! എല്ലാവർക്കും ക്രിസ്തുമസിന്റെയും, പുതുവത്സരത്തിന്റെയും മംഗളങ്ങൾ മുൻകൂട്ടി ആശംസിക്കുന്നു.

യുഗങ്ങളുടെ പ്രതീക്ഷ പൂവണിഞ്ഞതായിരുന്നു ദൈവപുത്രനായ ഈശോയുടെ ജനനം. "കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവൻ ഇമ്മാനുവേൽ എന്നു വിളിക്കപ്പെടും" (ഏശയ്യാ 7:14) എന്ന് ദീർഘദർശിയായ ഏശയ്യായുടെ പ്രവചനം പൂർത്തിയാവുകയായിരുന്നു.ബേത്‌ലെഹെമിൽ കന്യകയായ മറിയം ഈശോയിക്ക് ജന്മം നൽകിയപ്പോൾ പ്രവാചകനായ ഏശയ്യാ ഇങ്ങനെ പ്രവചിച്ചു "നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു. നമുക്ക് ഒരു പുത്രൻ നൽകപ്പെട്ടിരിക്കുന്നു.ആധിപത്യം അവന്റെ ചുമലിലായിരിക്കും; വിസ്മയനീയനായ ഉപദേഷ്ടാവ്, ശക്തനായ ദൈവം, നിത്യനായ പിതാവ്, സമാധാനത്തിന്റെ രാജാവ് എന്ന് അവൻ വിളിക്കപ്പെടും. ദാവീദിന്റെ സിംഹാസനത്തിലും അവന്റെ ആധിപത്യം നിസ്സീമമാണ് ;അവന്റെ സമാധാനം അനന്തവും. നീതിയിലും ധർമത്തിലും എന്നേക്കും അതു സ്ഥാപിച്ചു പരിപാലിക്കാൻ തന്നെ. സൈന്യങ്ങളുടെ കർത്താവിന്റെ തീക്ഷ്ണത ഇതു നിറവേറ്റും" (ഏശയ്യ 9:6-7). ഇത് മുഴുവനും ഈശോയിൽ നിറവേറി.

ഈശോയുടെ വരവോടെ "അന്ധകാരത്തിൽ കഴിഞ്ഞിരുന്നവർ വലിയൊരു പ്രകാശം കണ്ടു. മരണത്തിന്റെ മേഖലയിലും നിഴലിലും വസിച്ചിരുന്നവർക്കായി ഒരു ദീപ്തി ഉദയം ചെയ്തു"(മത്താ 4:16). ലോകത്തിനു മുഴുവനും പ്രകാശമാനമായി ഈശോ ജനിച്ചു. ഈശോയെ സ്നേഹിക്കുന്നവരിൽ ഈശോയും പിതാവും പരിശുദ്ധാത്മാവും വസിക്കുന്നു (യോഹ 14:23),അവർ ദൈവമക്കളായിത്തീരും (1യോഹ 3:1). നമ്മെ ദൈപുത്രസ്ഥാനത്തേക്ക് ഉയർത്താനാണ് ഈശോ വന്നത്. അതുകൊണ്ടാണ് ഈശോയുടെ പിറവിത്തിരുനാൾ നമുക്ക് ഏറെ സന്തോഷം നൽകുന്നത്.

ഡിസംബർ 1 മുതൽ പിറവിത്തിരുനാൾ വരെ നമുക്കു നോമ്പ് കാലമാണ്. ദാനധർമ്മം ചെയ്യുകയും ഈ നാളുകളിൽ നാം കുടുതൽ

പ്രാർത്ഥിക്കുകയും പ്രായശ്ചിത്തം ചെയ്യുകയും ദാനധർമ്മം ചെയ്തുകൊണ്ട് വിശുദ്ധമായി ഒരുങ്ങി ഈശോയേ സ്വീകരിക്കുവാൻ തയ്യാറാവുന്നു. ഈ നാളുകളിൽ സാധിക്കുന്നവരെല്ലാം ദിവസവും വി.കുർബാനയിൽ പങ്കെടുക്കുകയും വിശുദ്ധ കുർബ്ബന സ്വീകരിക്കുകയും വേണം. ഈ കാലത്ത് വിവാഹാഘോഷം മുടക്കിയിരിക്കുകയാണ്. സന്മനസുള്ളവർക്കാണ് സമാധാനം സ്വർഗ്ഗത്തിൽനിന്ന് വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് നമ്മുടെ മനസ്സുകളെ നന്മകൾക്കൊണ്ട് നാം നിറക്കണം. അതുവഴി സമാധാനത്തിന് അർഹരാവുകയും വേണം.

"ഇതാ, സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ ക്രിസ്തു, ഇന്നു ജനിച്ചിരിക്കുന്നു" (ലൂക്കാ2:10 -11) എന്ന ദൈവദൂതന്റെ അറിയിപ്പ് നമ്മുടെ കാതുകളിലും മുഴങ്ങി കേട്ട് ഈശോയുടെ ജനനം നമ്മുടെ ഒരോരുത്തരുടെയും ഹൃദയത്തിലും സംഭവിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് +പിതാവിന്റെയും +പുത്രന്റെയും +പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഏവരേയും ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

ബെൾത്തംഗഡി — **മാർ ലോറൻസ് മുക്കുഴി**
07-10-2018 — ബെൾത്തംഗഡി രൂപതയുടെ മെത്രാൻ

---

**NB :** ഈ സർക്കുലർ 25-11-2018 ഞായറാഴ്ച്ച എല്ലാ കുർബ്ബാന മദ്ധ്യേയും വായിക്കേണ്ടതാണ്.



**Ref:: 3150/K-5/KCBC/OL/DS**

**2018 ഡിസംബർ 30 ബൈബിൾ ഞായർ**

**കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ**

കർത്താവിൽ പ്രിയ സഹോദരീ സഹോദരന്മരേ,

മാംസം ധരിച്ച വചനമായ യേശുവിനെ എതിരേല്ക്കാനുള്ള ഒരുക്കത്തിലാണ് നാമെല്ലാം. അവിടത്തെ രക്ഷയുടെ സന്ദേശം ഏറ്റു വാങ്ങി, നാം ജീവിക്കുന്ന സമൂഹത്തിൽ ഈ സദ്വാർത്തയുടെ പ്രേഷിതരായിത്തീരാൻ യേശു നമ്മെ ക്ഷണിക്കുന്നു. തിരുപിറവിയുടെ ആഘോഷം, ദൈവമക്കളായ നാം വിശുദ്ധിയിലേക്കു വളരണമെന്ന ഓർമപ്പെടുത്തൽകൂടിയാണ്. മനുഷ്യാവതാരത്തിലൂടെ വിശുദ്ധിതന്നെയായ ദൈവം നമ്മിൽ ഒരുവനാകുക മാത്രമല്ല, വിശുദ്ധിയിലേക്കുള്ള വാതിൽ നമുക്കായി മലർക്കേ തുറന്നിടുക കൂടിയാണ് ചെയ്യുന്നത്. വിശുദ്ധിയിലേക്കുള്ള ക്രിസ്തുശിഷ്യന്റെ യാത്രയിലെ മാർഗദീപമാണ് ബൈബിൾ. ഓരോ വിശ്വാസിയും വിശുദ്ധിയിലൂടെ മുന്നേറുന്നതിന് പ്രായോഗികവും ലളിതവുമായ മാർഗങ്ങൾ നിർദേശിക്കുന്ന ഫ്രാൻസിസ് പാപ്പയുടെ 'ആനന്ദിച്ച് ആഹ്ലാദിക്കുവിൻ ' എന്ന അപ്പസ്തോലിക ആഹ്വാനത്തിന്റെ പശ്ചാത്തലത്തിൽ വിശുദ്ധഗ്രന്ഥവും വിശുദ്ധിയും നമ്മുടെ പരിചിന്തനത്തിനു വിഷയമാക്കം.

**പരിശുദ്ധനായ ദൈവവും വിശുദ്ധിയിലേക്കു വിളിക്കപ്പെട്ട ജനവും**

ബൈബിളിൽ ദൈവത്തിന്റെ സ്വഭാവം വിവരിക്കുന്ന ഏറ്റവും പ്രധാന വിശേഷണമാണ് പരിശുദ്ധനായവൻ സിംഹാസനത്തിൽ ഉപവിഷ്ടനായ കർത്താവിനു ചുറ്റും നില്ക്കുന്ന സെറാഫുകൾ 'പരിശുദ്ധൻ , പരിശുദ്ധൻ, സൈന്യങ്ങളുടെ കർത്താവ് പരിശുദ്ധൻ' എന്ന് ഉദ്ഘോഷിക്കുന്നത് ഏശയ്യാ പ്രവാചകൻ ദർശനത്തിൽ കാണുന്നുണ്ട്( ഏശയ്യ 6,3; വെളി 4,8) 'പരിശുദ്ധനായവൻ ' എന്നാണ് യേശു തന്റെ അന്തിമപ്രഭാഷണത്തിൽ പിതാവിനെ വിളിക്കുന്നതും (യോഹ 17,11). ദൈവസുതനായ യേശുവിനും പുതിയ നിയമം ഈ വിശേഷണം തന്നെയാണ് നല്കുന്നത്. യേശുവാണ് ദൈവത്തിന്റെ പരിശുദ്ധൻ എന്ന് ശിമയോൻ പത്രോസിന്റെ അധരങ്ങളിലുടെ ദൈവവചനം സാക്ഷ്യപ്പെടുത്തുന്നു (യോഹ6, 69).സഭകളിൽ സന്നിഹിതനായി

രിക്കുന്ന ഉത്ഥിതനായ യേശുവിനെ ,പരിശുദ്ധനും സത്യവാനുമെന്ന് യോഹന്നാൻ വിശേഷിപ്പിക്കുന്നു (വളി 3,7). ത്രിത്വത്തിലെ മൂന്നാമത്തെ ആളിനെ പുതിയനിയമം വിളിക്കുന്നതും 'പരിശുദ്ധാത്മാവ് ' എന്നാണല്ലോ (മത്താ 1,18; മർക്കോ 1,8; ലൂക്കാ 1,15; യോഹ 20,22). പരിശുദ്ധിതന്നെയായ ത്രിയേകദൈവത്തിന്റെ രഹസ്യത്തിലേക്ക് ഇറങ്ങിച്ചെല്ലാൻ വിശുദ്ധഗ്രന്ഥം നമ്മെ സഹായിക്കുന്നു.

ദൈവത്തിന്റെ ഏറ്റവും പ്രധാന സ്വഭാവം പരിശുദ്ധിയാണെങ്കിൽ, ഈ വിശുദ്ധിയിൽ എത്തിച്ചേരുകയാണ് ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ ലക്ഷ്യം. പരിശുദ്ധിതന്നെയായ ദൈവത്തിന്റെ സ്വന്തംജനം വിശുദ്ധിയിൽ വ്യാപരിക്കണമെന്ന സന്ദേശം ബൈബിളിൽ നിറഞ്ഞുനില്ക്കുന്നു. കർത്താവായ ദൈവം ഇസ്രായേൽജനത്തോട് അരുൾചെയ്യുന്നു:" നിങ്ങൾ പരിശുദ്ധരായിരിക്കുവിൻ.എന്തെന്നാൽ,നിങ്ങളുടെ കർത്താവും ദൈവവുമായ ഞാൻ പരിശുദ്ധനാണ് " (ലേവ്യ 19,2). ദൈവം തന്റെ ജനത്തിന്റെ മധ്യേവസിക്കുന്നതിനാൽ അവർ വിശുദ്ധജനമായിരിക്കണമെന്ന് നിയമാവർത്തനഗ്രന്ഥവും പറയുന്നു
(നിയ 7,6; 26, 19 ജറെ 2,3).

പുതിയനിയമത്തിലേക്കു വരുമ്പോൾ, ദൈവജനത്തിന്റെ വിശുദ്ധിക്ക് പുതിയൊരു മാനം സിദ്ധിക്കുന്നു. മനുഷ്യാവതാരത്തിലൂടെ നമ്മിലൊരുവനായിത്തീർന്ന യേശുക്രിസ്തുവിലാണ് പുതിയ വിശുദ്ധജനം രൂപവത്കരിക്കപ്പെടുന്നത് (അപ്പ 4,30.31). നാമെല്ലാം യേശുക്രിസ്തുവിൽ വിശുദ്ധീകരിക്കപ്പെട്ടവരും വിശുദ്ധരാകാൻ വിളിക്കപ്പെട്ടവരുമാണെന്ന് പൗലോസ്ശ്ലീഹാ കോറിന്തോസിലെ സഭാതനയർക്കെഴുതുന്നു (1കോറി1,,2)ക്രിസ്തുവിൽ രൂപവത്കരിക്കപ്പെട്ട വിശ്വാസിസമൂഹത്തെ പത്രോസ്ശ്ലീഹാ വളരെ ചേതോഹരമായി വിശേഷിപ്പിക്കുന്നു: "നിങ്ങൾ തിരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയപുരോഹിതഗണവും വിശുദ്ധജനതയും ദൈവത്തിന്റെ സ്വന്തം ജനതയുമാണ്" (1 പത്രോ 2,9). യേശുവിൽ വിശ്വസിക്കുന്നതുവഴി ദൈവമക്കളാകാൻകഴിവുലഭിക്കുന്നവരുടെ(യോഹ1,12) മുഖമുദ്രയാണ് വിശുദ്ധി.

**ദൈവജനം വിശുദ്ധിയുടെ പാതയിൽ**

വിശുദ്ധിതന്നെയായ ദൈവം ഉടമ്പടിയിലൂടെ സ്വന്തമാക്കുന്ന ജനത്തെ (പുറ 24,4-8) വിശുദ്ധിയിലേക്കു വിളിക്കുകയും നയിക്കുകയും ചെയ്യുന്നതിന്റെ വിവരണങ്ങൾ ബൈബിളിൽ നിറഞ്ഞുനില്ക്കുന്നു.



വിശുദ്ധരുടെ ജീവിതകഥകൾ എന്നതിനെക്കാൾ ദൈവജനത്തെ വിശുദ്ധരാക്കിത്തീർക്കുന്നതിന്റെ വിവരണങ്ങളെന്ന് ബൈബിളിനെ വിളിക്കുന്നതാണ് ഉത്തമം. വിശുദ്ധഗ്രന്ഥത്തിലെ വലിയ കഥാപാത്രങ്ങൾ എന്നു നാം വിളിക്കുന്നവരുടെ ജീവിതത്തിലെ വീഴ്ചകളും കുറവുകളും ഇതിൽ പരാമർശിക്കപ്പെടുന്നു. പക്ഷേ, ജീവിതത്തിലെ ഈ ന്യൂനതകളെയെല്ലാം അതിജീവിച്ച്, വിശുദ്ധിയുടെ പാതയിലൂടെ അവർ മുന്നേറുന്നത് ബൈബിൾ നമ്മുടെ മുന്നിൽ ചിത്രീകരിക്കുന്നു.

വിശ്വാസികളുടെ പിതാവായ അബ്രാഹത്തിന്റെ കഥ ഇതിന് ഉത്തമോദാഹരണമാണ്. 'നീ ഒരു അനുഗ്രഹമായിരിക്കും'(ഉത്പ 12,2) എന്ന ദൈവികാശീർവാദം ലഭിക്കുന്ന അബ്രാഹം പിന്നീട് ദൈവത്തിന്റെ വഴികളിനിന്ന് ഇടറിമാറുന്നത് നാം കാണുന്നുണ്ട്. സ്വന്തം ജീവൻരക്ഷിക്കാൻവേണ്ടി ഫറവൊയുടെ മുന്നിൽ സാറാ സഹോദരിയാണെന്നു പറയാൻ അബ്രാഹം ആവശ്യപ്പെടുന്നു (ഉത്പ 12, 11-16) വഞ്ചനയിലൂടെ സഹോദരന്റെ അവകശം തട്ടിയെടുക്കുന്ന യാക്കോബിനെയും (ഉത്പ 27, 18- 29) ബൈബിൾ ചിത്രീകരിക്കുന്നുണ്ട്. ദൈവത്തിന്റെ കരുണയുടെ അരുവിയിലാണ് ഇവരുടെ കളങ്കങ്ങൾ കഴുകിക്കളയപ്പെടുന്നത്. 'അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവമെന്ന് സുവിശേഷങ്ങൾ പറയുമ്പോൾ (മത്താ 22,32;മർക്കോ 12,26; ലൂക്കാ 20,37) ദൈവം ഈ പൂർവപിതാക്കന്മാരുടെ കുറവുകൾ കഴുകി വിശുദ്ധീകരിച്ച് അവരെ തന്റെ മഹത്ത്വത്തിൽ പങ്കുകാരാക്കി എന്നർഥം. സ്നേഹിതനോടെന്നപോലെ കർത്താവു മുഖാഭിമുഖം സംസാരിച്ചിരുന്നു' (പുറ 33,11) എന്ന് പിന്നീട് വിശേഷിപ്പിക്കപ്പെടുന്നവനാണ് മോശയെങ്കിലും അദ്ദേഹത്തിന്റെ ജീവിതത്തിലെ കുറവുകൾ വിശുദ്ധ ഗ്രന്ഥം മറച്ചുവയ്ക്കുന്നില്ല. ഒരു ഈജിപ്തുകാരനെ വധിച്ചവനും (പുറ 2,12) വാക്ചാതുരിയില്ലെന്ന ന്യായംനിരത്തി ദൈവത്തിന്റെ വിളി സ്വീകരിക്കാൻ വിമുഖത പ്രകടിപ്പിക്കുന്നവനുമാണ് (ഉത്പ 4,10) മോശ. ബൈബിളിലെ ഏറ്റവും മനോഹരങ്ങളായ വിവരണങ്ങളിൽ ഒന്നാണ് ദൈവത്തിൽനിന്ന് ഓടിയകലുന്ന യോനാ പ്രവാചകന്റെ കഥ (യോനാ 1,3). ജീവിതത്തിലെ വീഴ്ചകളിൽനിന്നെല്ലാം എഴുന്നേറ്റ് കർത്താവിന്റെ വഴികളിലൂടെ ചരിച്ച് ഇവരും ബൈബിളിലെ വിശുദ്ധിയുടെ ഉദാത്ത മാതൃകകളായിത്തീരുന്നു.

പുതിയനിയമത്തിലും ഇതിനുസമാനങ്ങളായ വിവരണങ്ങളുണ്ട്. ബലഹീനതകളുടെ മനുഷ്യനായാണ് ശിഷ്യഗണത്തിൽ പ്രധാനിയായ പത്രോസ്ശ്ലീഹാ സുവിശേഷങ്ങളിൽ ഉടനീളം

അവതരിപ്പിക്കപ്പെടുന്നത്(മത്താ 14,30;മർക്കോസ് 8,33; ലൂക്കാ 22,57.58.60). വിജാതീയരുടെ അപ്പസ്തോലനായ പൗലോസിനെ നാം കാണുന്നതിനുമുമ്പ് (അപ്പ 13,47) സഭയെ ഉപദ്രവിച്ചിരുന്ന സാവൂളിനെയാണ് കണ്ടുമുട്ടുന്നത് (അപ്പ 8,3), പക്ഷേ ഇവർ ദൈവകൃപയോടു സഹകരിക്കുന്നതുവഴി വിശുദ്ധിയുടെ പടവുകൾ നടന്നുകയറുന്നതു നാം ബൈബിളിൽ വായിക്കുന്നു. മാനുഷിക ബലഹീനതകളുടെ ഊടുവഴിയിലൂടെ വിശുദ്ധിയിലേക്കുള്ള നമ്മുടെ യാത്രയിൽ നമുക്ക് ആശ്വാസവും ശക്തിയും പകരുന്നതാണ് ഈ വിശുദ്ധ ഗ്രന്ഥവിവരണങ്ങൾ.

ദൈവത്തിന് നമ്മെക്കുറിച്ചുള്ള പദ്ധതി നമ്മുടെ വിശുദ്ധീകരണം തന്നെയാണ് (1 തെസ 4,3). യേശുവാകുന്ന അടിത്തറയിൽ(1കോറി3,11) നമ്മുടെ ജീവിതം പണിതുയർത്തുകയെന്നതാണ് വിശുദ്ധിയെങ്കിൽ യേശുക്രിസ്തുവിനെ അടുത്തറിയുകയാണ് നാമോരോരുത്തരും ലക്ഷ്യംംവയ്ക്കേണ്ടത്. ബൈബിളിനെക്കുറിച്ചുള്ള അജ്ഞത ക്രിസ്തുവിനെക്കുറിച്ചുള്ള അജ്ഞത തന്നെയാണെന്ന വി. ജെറോമിന്റെ വാക്കുകൾ ഇവിടെ പ്രസക്തമാണ്. ക്രൈസ്തവ ജീവിതത്തിൽ ബൈബിൾ വായനയ്ക്ക് എത്രമാത്രം പ്രാധാന്യം കൊടുക്കണമെന്ന് ഇതു വ്യക്തമാക്കുന്നു.വിശുദ്ധിയിലേക്കു വളരാൻ സുവിശേഷങ്ങളിലെ യേശുവിന്റെ വചനങ്ങളിലേക്ക് നിരന്തരം തിരിയണമെന്ന് 'ആഹ്ലാദിച്ച് ആനന്ദിക്കുവിൻ' എന്ന അപ്പസ്തോലികാഹ്വാനത്തിൽ ഫ്രാൻസീസ്പാപ്പ ഉദ്ബോധിപ്പിക്കുന്നുണ്ട് (GE109). വിശുദ്ധിയുടെ അടയാളങ്ങൾ സൂചിപ്പിക്കാൻ പരിശുദ്ധപിതാവ് ബൈബിളിലേക്കു തന്നെയാണ് തിരിയുന്നത്. ക്രൈസ്തവ ജീവിതത്തിൽ ബൈബിൾ വായനയ്ക്കും പഠനത്തിനും എത്രമാത്രം പ്രാധാന്യമുണ്ടന്ന് ഇതു വ്യക്തമാക്കുന്നു.ബൈബിൾ പാരായണം വിശുദ്ധിയിലേക്കുള്ള യാത്രയിൽ നമ്മെ നയിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യും. യേശുവിന്റെ വചനം ഹൃദയത്തിൽ സംഗ്രഹിക്കുകയും (ലൂക്കാ 2,51) യേശുവിനെ കുരിശിൻചുവടുവരെ അനുഗമിക്കുകയും ചെയ്ത (യോഹ19,25) പരിശുദ്ധ മറിയം നമുക്കെല്ലാം മാതൃകയാണ്.

**കേരളസഭയും വിശുദ്ധിയിലേക്കുള്ള യാത്രയും**

കേരള സഭയെ വിശുദ്ധിയുടെ പാതയിലൂടെ നയിക്കുന്നതിൽ ദൈവവചന ശുശ്രൂഷയ്ക്കുള്ള പങ്ക് നിസ്തുലമാണ്. കെ.സി.ബി.സി.



ബൈബിൾ കമ്മീഷനും രൂപതകളിലെ ബൈബിൾ അപ്പോസ്തലേറ്റും വിവിധങ്ങളായ ബൈബിൾ അധിഷ്ഠിത പദ്ധതികളിലൂടെ ദൈവവചനം സഭാമക്കളുടെ ജീവിതത്തിന്റെ അടിത്തറയാക്കിമാറ്റാൻ പരിശ്രമിക്കുന്നുണ്ട്. ബൈബിൾ ഓരോ വിശ്വാസിക്കും ലഭ്യമാക്കുക എന്നത് വചനശുശ്രൂഷയുടെ മുഖ്യ ധർമ്മമാണല്ലോ.കേരളം നേരിട്ട ഭയാനകമായ പ്രളയദുരന്തത്തിനുശേഷം അനേകായിരം കുടുംബങ്ങൾക്കാണ് എല്ലാം വെള്ളത്തിൽ മുങ്ങിപ്പോയതിന്റെകൂടെ ബൈബിളും നഷ്ടമായത്. ദുരിതാശ്വാസ കേന്ദ്രങ്ങളിൽനിന്ന് നിരന്തരമായി വന്ന ഒരഭ്യർഥന, വീടുകളിലേക്കു തിരികെ പോകുന്നവർക്കു കൊടുത്തുവിടാൻ ബൈബിൾ എത്തികുകയെന്നതായിരുന്നു. പി.ഒ.സി.ക്കായി അച്ചടിച്ചുവച്ചിരുന്ന അനേകായിരം ബൈബിളുകൾ മാത്രമല്ലാ, അച്ചടിശാലയും ഈ വെള്ളപ്പൊക്കത്തിൽ നശിച്ചുപോയതിനാൽ ബൈബിളുകൾ ആവശ്യക്കാർക്ക് ഉടൻതന്നെ എത്തിക്കാൻ സാധിച്ചില്ലെങ്കിലും ഈ യജ്ഞം പൂർത്തിയാക്കാൻ ബൈബിൾ കമ്മീഷൻ തീവ്രമായി ശ്രമിച്ചുകൊണ്ടിരിക്കുന്നു. രൂപതകളിലെ ബൈബിൾ അപ്പോസ്തലേറ്റ് കേന്ദ്രങ്ങൾവഴി ഇവർക്കെല്ലാം കഴിയുന്നത്ര സൗജന്യമായി ബൈബിൾ നല്കുകയെന്നതാണ് കമ്മീഷൻ ലക്ഷ്യമിട്ടിരിക്കുന്നത്. നിരവധി വ്യക്തികളും സംഘടനകളും ഈ പദ്ധതിക്കു സഹായഹസ്തങ്ങൾ നീട്ടുന്നു എന്നത് നന്ദിയോടെ സ്മരിക്കുന്നു. കെ.സി.ബി.സി ബൈബിൾ കമ്മീഷൻ ഏതാനും വർഷങ്ങളായി, നിലവിലുള്ള പി.ഒ.സി. ബൈബിൾ, മൂലഗ്രന്ഥങ്ങൾ ആധാരമാക്കി പരിഷ്കരിക്കുന്ന ദൗത്യത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. പി.ഒ.സി.യിൽ താമസിച്ച് സേവനമനുഷ്ഠിക്കുന്ന ആറു ബൈബിൾ പണ്ഡിതരെയും അവരുമായി സഹകരിക്കുന്ന എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. ബൈബിൾ കമ്മീഷൻ പരിഷ്കരിച്ച പുതിയനിയമത്തിലെ ആദ്യഭാഗം പഠനബൈബിൾ :സുവിശേഷങ്ങൾ എന്ന പേരിൽ പി.ഒ.സി. 2018ജൂൺ മാസം പ്രദ്ധീരിച്ചു.വചനം ആഴത്തിൽ മനസ്സിലാക്കാനും ആത്മീയമായി വളരാനും ഈ പഠനബൈബിൾ ഏറെ ഉപകരിക്കും.

ഇളംപ്രായംമുതൽ ദൈവവചനം വായിക്കാനും പഠിക്കാനും സ്നേഹിക്കാനും വഴിയൊരുക്കുന്ന ലോഗോസ് ക്വിസ് കേരളസഭയുടെ അഭിമാനമാണ്. ചെറുപ്പത്തിൽത്തന്നെ നമ്മുടെ മക്കൾ വളത്തിയെടുക്കുന്ന ദൈവവചനത്തോടുള്ള സ്നേഹം അവരെ വിശുദ്ധിയുടെ പാതയിലൂടെ നടത്തുമെന്നതിനു സംശയമില്ല. സുവിശേഷവത്കരണ

ത്തിനുള്ള ഏറ്റവും ഫലപ്രദമായ മാർഗമായി കേരളത്തിനു പുറത്തുള്ള രൂപതകൾ ഈ മോഡൽ സ്വീകരിക്കാൻ താത്പര്യപ്പെടുന്നു എന്നത് ഏറെ സന്തോഷകരമാണ്. ബധിരർക്കായും ഈ വർഷം ലോഗോസ്ക്വിസ് നടത്തുകയുണ്ടായി. ശാരീരിക വൈകല്യങ്ങളാൽ സമൂഹത്തിന്റെ മുഖ്യധാരയിൽനിന്ന് അകറ്റപ്പെടുന്നവർക്ക് കൂടുതൽ പരിഗണന നല്കാൻ ഇത് പ്രചോദനമേകുമെന്നു പ്രത്യാശിക്കുന്നു.

ബൈബിൾ ആഴത്തിൽ മനസ്സിലാക്കാൻ നിരവധിപേർ ആഗ്രഹിക്കുന്നത് കണക്കിലെടുത്ത് രൂപതകളും ബൈബിൾ കോഴ്സുകൾ സംഘടിപ്പിക്കുന്നതിൽ അതിയായ സന്തോഷമുണ്ട്. സ്വന്തമായി ബൈബിൾ പഠിക്കാൻ ആഗ്രഹിക്കുന്നവരെ കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിൽ ചേരാൻ പ്രോത്സാഹിപ്പിക്കണം. വിശ്വാസജീവിതം ശക്തിപ്പെടുത്താനും വിശുദ്ധിയുടെ പാതയിലൂടെ മുന്നേറാനും ഇത് ഏറെ സഹായിക്കും.

മാംസംധരിച്ച വചനമായ യേശുവിന്റെ തിരുപ്പിറവിക്കായി ഒരുങ്ങുന്ന ഡിസംബർ മാസം കേരളസഭ വചനപാരായണ മാസമായി ആചരിക്കുന്നു. എല്ലാ കുടുംബങ്ങളിലും ഡിസംബർ മാസം ബൈബിൾ പ്രതിഷ്ഠനടത്തുകയുംദിവസവുംകുടുംബ പ്രാർത്ഥനയ്ക്കിടയ്ക്ക് ബൈബിൾ വായിക്കുകയും ചെയ്യേണ്ടതാണ്. അതുപോലെതന്നെ,ഓരോ ഇടവകയിലും ഈ മാസത്തിൽ ബൈബിൾ പ്രതിഷ്ഠനടത്തുകയും ഒരു ദിവസമെങ്കിലും അഖണ്ഡ വചനപാരായണം നടത്തുകയും ചെയ്യണം. ബൈബിൾ കമ്മീഷൻ തയ്യാറാക്കിയിരിക്കുന്ന ബെബിൾ പാരായണ കലണ്ടർ ഉപയോഗപ്പെടുത്തി ഈ മാസം സമ്പൂർണ ബൈബിൾപാരായണം സംഘടിപ്പിക്കുന്നതും പ്രോത്സാഹിപ്പിക്കപ്പെടണം. കേരളത്തിൽ വിവിധയിടങ്ങളിൽ ഏതാനും രൂപതാ ബൈബിൾ അപ്പോസ്തലേറ്റുകളുടെ നേതൃത്വത്തിൽ വിപുലമായ അഖണ്ഡ ബൈബിൾ പാരായണയജ്ഞങ്ങൾ സംഘടിപ്പിക്കുന്നതിനെ അഭിനന്ദിക്കുകയും ഈ മാതൃക മറ്റെല്ലാവരും പിഞ്ചല്ലണമെന്ന് അഭ്യർഥിക്കുകയും ചെയ്യുന്നു. ദൈവനചന പാരായണത്തിന് കേരളകത്തോലിക്കാ മെത്രാൻ സമിതി പ്രത്യേകം നിഷ്കർഷിചിരിക്കുന്ന ഈ മാസം കേരളത്തിലുടനീളം ദൈവവചനത്തിന്റെ അലയടികൾ മുഴങ്ങട്ടെ. സമ്പൂർണ ബൈബിൾ വായനയിൽ പങ്കുചേർന്ന് യേശുവിനെ കൂടുതൽ അടുത്തറിയാനും സ്നേഹിക്കാനും വിശുദ്ധിയിൽ വളരാനും ഏവർക്കും സാധിക്കട്ടെയെന്ന് ആശംസിക്കുന്നു.



കേരള കത്തോലിക്കാസഭ ബൈബിൾ ഞായറായി ആചരിക്കുന്ന ഡിസംബർ 30-തീയതി നിങ്ങൾ നല്കുന്ന സംഭാവന രൂപതകളുടെയും കെ.സി.ബി.സി.യുടെയും ബൈബൾ പ്രേഷിതപ്രവത്തനങ്ങൾ ശക്തിപ്പെടുത്തും. രൂപതാബൈബിൾ അപ്പോസ്തലേറ്റിനുംകെ.സി. ബി.സി. ബൈബിൾ കമ്മീഷനുംവേണ്ടിയുള്ള ഈ സംഭാവന രൂപതാകേന്ദ്രത്തിൽ എത്തിക്കണമെന്ന് അഭ്യർഥിക്കുന്നു.വചനം മാംസം ധരിച്ച യേശുവിനെ അനുഗമിച്ച് വിശുദ്ധിയിൽ വളരാൻ ആഹ്വാനംചെയ്തുകൊണ്ടും തിരുപ്പിറവിയുടെ അനുഗ്രഹങ്ങൾ ഏവർക്കും നേർന്നുകൊണ്ടും,

സ്നേഹത്തോടെ,

**ബിഷപ് ഡോ. എബ്രഹാം മാർ യൂലിയോസ്**
ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മിഷൻ

**ബിഷപ് മാർ ജേക്കബ് മനത്തോത്ത്**
വൈസ്ചെയർമാൻ,കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

**ബിഷപ് ഡോ. പീറ്റർ അബിർ അന്തോണിസ്വാമി**
വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

പി.ഒ.സി., കേരള കത്തോലിക്കാസഭായുടെ ആസ്ഥാനകാര്യാലയം
കൊച്ചി- 682 025

---

**NB :** 2018 നവംബർ 25-ാം തീയതിയോ തുടർന്നുള്ള ഞായറാഴ്ചയോ ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

**Circular.No.10/2018**

വന്ദ്യ സഹോദരരേ, വത്സല മക്കളേ,

തിരുസഭയുടെ മിഷൻപ്രവർത്തനങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവാനും മിഷനെക്കുറിച്ച് കുടുതൽ പഠിക്കുവാനും മിഷൻപ്രവർത്തനം നടത്തുവാനും മിഷൻപ്രവർത്തനത്തിനുവേണ്ടി സംഭാവനകൾ ചെയ്യുവാനും തിരുസഭ തനയരെ ആഹ്വാനം ചെയ്യുവാൻ ഒക്ടോബർ മാസത്തിൽ മിഷൻ ഞായർ ആചരിക്കുകയാണല്ലോ. ഈ വർഷം നമ്മൾ ഒക്ടോബർ 21-നാണ് മിഷൻ ഞായർ ആചരിക്കുന്നത്.

ഈശോയുടെ ആഗമനം മനുഷ്യകുലത്തിന്റെ വലിയ ആഗ്രഹത്തിന്റെയും, കാത്തിരിപ്പിന്റെയും ഫലമായിട്ടായിരുന്നു (സങ്കി 42 :1 ;മത്തായി4:16). ഈശോയുടെ ആഗമനത്തോടെ മനുഷ്യ ചരിത്രത്തിൽ പുതിയ അധ്യായം തുറക്കപ്പെട്ടു.അന്ധകാരത്തിൽ കഴിഞ്ഞവർ പ്രകാശംകണ്ടു. പാപത്തിലും മരണത്തിലും നിരാശയിലും കഴിയുന്നവർക്ക് വലിയപ്രത്യശ അവിടുന്ന് നൽകി. തന്നെ സ്വീകരിച്ചവർക്കെല്ലാം, തന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്കെല്ലാം ദൈവമക്കളാകാൻ അവൻ കഴിവ് നൽകി(യോഹന്നാൻ1.12). പാപത്തിലും, പ്രലോഭനത്തിലും അന്ധവിശ്വാസത്തിലും കഴിയുന്നവർക്ക് രക്ഷ ഈശോമിശിഹായിൽ നിന്നുമാത്രമാണ് ലഭിക്കുന്നത്.അവിടുത്തെ രക്ഷ അനുഭവിച്ചവർ അങ്ങിൽ ആനന്ദിക്കുകയുംമറ്റുള്ളവർക്ക് അനുഗ്രഹമാവുകയും ചെയ്തു. രക്ഷയുടെ മാർഗ്ഗം ഈശോ സുവിശോഷം വഴി കാണിച്ചുതന്നിട്ടുണ്ട്. അവിടുന്നു തന്റെ ദൗത്യം പൂർത്തിയാക്കി സ്വർഗ്ഗത്തിലേക്ക് പോകുന്നതിനുമുമ്പ് ശിഷ്യന്മരോട് ഇപ്രാകരം അരുളിചെയ്തു ''സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു.ആകയാൽനിങ്ങൾ പോയി,എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ.പിതാവിന്റെയും,പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നൽകുവിൻ. ഞാൻ നിങ്ങളോടു കൽപച്ചവയെല്ലാം അനുസരിക്കാൻ അവരെപഠിപ്പിക്കുവിൻ. യുഗാന്തംവരെ എന്നും ഞാൻ നിങ്ങളോടു കുടെഉണ്ടായിരിക്കും''(മത്തായി28 :19.20).

ശിഷ്യന്മാർ തങ്ങളുടെ ഗുരുനാഥൻ നൽകിയ ഈ കല്പന തീക്ഷ്ണതയോടെ നിറവേറ്റി. തങ്ങളുടെ കാല ശേഷം ഈ ദൗത്യം തുടരുവാൻ അവർ തങ്ങളുടെ ശിഷ്യന്മാരെ തെരഞ്ഞെടുത്തു. അങ്ങനെ തലമുറതലമുറയായി ഈശോയുടെ മിഷൻ പ്രവർത്തനം തിരുസഭയിൽ അനുസൂതം നടന്നുകൊണ്ടിരിക്കുന്നു.ഇന്നും ലോകത്തന്റെ എല്ലാ ഭാഗങ്ങളിലും തിരുസഭ തന്റെ പ്രധാനപ്പെട്ട ഈ ദൗത്യം നിർവ്വഹിക്കുന്നു.ചില സ്ഥലങ്ങളിൽ എളുപ്പത്തിൽ നടക്കുന്നുണ്ടെങ്കിലും ചില സ്ഥലങ്ങളിൽ മിഷൻ പ്രവർത്തനം കഠിനമായ വെല്ലുവിളികളെ നേരിടുന്നുണ്ട്.

തിരുസഭ സ്വഭാവത്താലെ മിഷനറിയാണ്. സഭാമക്കളെല്ലാവരും ഈ ദൗത്യത്തിൽ പങ്കുകൊള്ളണം എന്നാണ് തിരുസഭ അഗ്രഹിക്കുന്നത്. അതുകൊണ്ട് നാം തിരുസഭയുടെ മിഷൻപ്രവർത്തന വിജയത്തിനുവേണ്ടി പ്രാർത്ഥിക്കണം.നമ്മൾ ആയിരിക്കുന്ന സാഹചര്യത്തിൽ മറ്റുള്ളവർക്ക് ഈശോയുടെ രക്ഷകാണിച്ചുകൊടുത്ത് മിഷൻ പ്രവർത്തനം നടത്തണം. മിഷൻ പ്രവർത്തനത്തിന് ദൈവവിളി പ്രോത്സാഹിപ്പിച്ച് മക്കളെ അതിനായി ഒരുക്കണം.

പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പ 2018ലെ മിഷൻ ഞായറിനുവേണ്ടി തിരഞ്ഞെടുത്തിരിക്കുന്ന പ്രമേയം ''യുവജനങ്ങളോടൊത്ത് നമുക്ക് സുവിശേഷം ലോകമെങ്ങും എത്തിക്കാം'' (Together with young people let us bring the Gospel toall). ഒക്ടോബർ മാസത്തിൽ റോമിൽ മാർപാപ്പയുടെ അദ്ധ്യക്ഷതയിൽ സിനഡ് നടന്നു കൊണ്ടിരിക്കുകയാണ്. സിനഡിന്റെയും ചർച്ചാവിഷയം ''പ്രിയ യുവജനങ്ങളെ, ഈശോയേയും സഭയേയും നിങ്ങൾ ഭയപ്പെടരുത് ! കാരണം അവിടെ നിങ്ങളുടെ ജീവിതത്തെ സന്തോഷംകൊണ്ട് നിറക്കുന്ന നിധി നിങ്ങൾ കണ്ടെത്തും''(2018 ലെ മിഷൻ ഞായർ സന്ദേശം). മാർപാപ്പ തുടരുകയാണ് ; നമ്മുടെ വിശ്വാസം നമ്മുടെ എല്ലാ സ്വപ്നങ്ങളുടേയും അടിസഥനവും അത് നടപ്പിലാക്കാനുള്ള ശക്തിയുമാണ്. ദൈവത്തിലുള്ള നമ്മുടെ വിശ്വാസാ സഹോദര സ്നേഹത്തിലേക്ക് നയിക്കുന്നു. അത് വലിയ ഐക്യത്തിന്റെ ഉറവിടവുമാകുന്നു. ഈ വിശ്വാസം നാം പങ്കുവെയ്ക്കണം .നമ്മുടെ രൂപതയിലെ യുവജനങ്ങൾ മറ്റുള്ളവർക്ക് വിശ്വാസത്തിന്റെ സാക്ഷികളാകണം. വിശ്വാസം മറ്റുള്ളവർക്ക് പകർന്നുകൊടുക്കുവാൻ സന്നദ്ധരാകണം SMYM ന്റെ പ്രവർത്തനം ഈ ദിശയിലേക്ക് നീങ്ങണം എന്ന് ബന്ധപ്പെട്ട എല്ലാവരോടും അഭ്യർത്ഥിക്കുന്നു.

ഒക്ടോബർ 21- നാം മിഷൻ ഞായർ ആചരിക്കുന്നത്. അന്നേദിവസം മിഷനുവേണ്ടി എല്ലാവരും പ്രത്യേകം പ്രാർത്ഥിക്കണം. മിഷനെക്കുറിച്ച് മിഷൻ പ്രവർത്തനത്തെ ക്കുറിച്ച് കൂടുതൽ പഠിക്കുവാൻ ചർച്ചാ ക്ലാസുകളും മറ്റും നടത്തണം. മിഷൻ ലീഗിന്റെ നേതൃത്വത്തിൽ കുട്ടികൾക്ക് മിഷനെക്കുറിച്ച് പഠനങ്ങൾ നടത്തുകയും മിഷൻ അവബോധം കൂടുതൽ വളരുവാൻ മിഷൻ റാലിയും മറ്റും നടത്താവുന്നതുമാണ്. പരിശുദ്ധ പിതാവിന്റെ ആഹ്വാന പ്രകാരം യുവജനങ്ങൾക്ക് പ്രത്യേക കാര്യപരിപാടിയും നടത്തണം. മിഷൻലീഗ് കുട്ടികൾ മിഷൻ പ്രവർത്തിനായുള്ള സംഭാവനക്കായ് വീടുകൾ സന്ദർശിക്കുമ്പോൾ എല്ലാവരും ഉദാരമായി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഒക്ടോബർ 21- ന് ഞായറാഴ്ച്ച കുർബാന മദ്ധ്യേ മിഷൻ പ്രവർത്തനത്തിനായി പ്രത്യേക പിരിവ് നടത്തുകയും എല്ലാവരും ഉദാരമായി സഹകരിക്കുകയും ചെയ്യണമെന്ന് അപേക്ഷിക്കുന്നു. ലഭിക്കുന്ന തുക മാർപാപ്പയ്ക്ക് അയച്ചുകൊടുക്കുന്നതിനായി ഒക്ടോബർ 31-ന് മുമ്പ് രൂപത കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. ബഹുമാനപ്പെട്ട അച്ചന്മാരും, സിസ്റ്റേഴ്സും, മതാധ്യാപകരും, കൈക്കാരൻമാരും, പാരിഷ് കൗൺസിൽ അംഗങ്ങളും ഈ വർഷത്തെ നമ്മുടെ മിഷൻ ഞായർ ആചരണം കൂടുതൽ ഫലപ്രദമാക്കാൻ വേണ്ടതായ എല്ലാ നടപടികളും സ്വീകരിക്കണമെന്ന് സ്നേഹത്തോടെ ആഹ്വാനം ചെയ്യുന്നു.

"നിങ്ങൾ ലോകമെങ്ങും പോയി,എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ. വിശ്വാസിച്ച് സ്നാനം സ്വീകരിക്കുന്നവർ രക്ഷിക്കപ്പെടും വിശ്വാസിക്കാത്തവൻ ശിക്ഷിക്കപ്പെടും"(മർക്കോസ് 16.15.16) എന്ന് കൽപ്പിച്ച മിശിഹാനാഥാൻ,മിഷൻ ചൈതന്യത്താൽ നമ്മെ നിറക്കട്ടേയെന്ന് പ്രാർത്ഥിച്ചുക്കൊണ്ട് +പിതാവിന്റെയും +പുത്രന്റെയും+ പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഏവരേയും ഹൃദയപൂർവം ആശീർവ്വദിക്കുന്നു.

---

ബെൽത്തംഗഡി
1-10-2018

**മാർ ലോറൻസ് മുക്കുഴി**
ബെൽത്തംഗഡി രൂപതയുടെ മെത്രാൻ



# രൂപതാകാര്യാലയം

**വൈദിക സമ്മേളനം** : നവംബർ 27-ാം തീയ്യതി വൈകുന്നേരം 4.00 മണിമുതൽ 28-ാം തീയ്യതി ഉച്ചവരെ വൈദിക സമ്മേളനം ഉണ്ടായിരിക്കുന്നതാണ്.

**സന്യാസിനീ സമ്മേളനം** (Sisters Gathering) : സിസ്റ്റേഴ്സിന്റെ ആദ്യ സമ്മേളനം നവംബർ 30-ാം തീയ്യതി വൈകുന്നേരം 05.00 മണി മുതൽ ഡിസംബർ 1-ാം തീയ്യതി ഉച്ചയ്ക്ക് 01.00 മണിവരെയും, രണ്ടാം സമ്മേളനം ഡിസംബർ 14-ാം തീയ്യതി വൈകുന്നേരം 5.00 മണി മുതൽ 15-ാം തീയ്യതി ഉച്ചവരെയും ജ്ഞാനനിലയത്തിൽ ചേരുന്നതാണ്.

പിരിവ് : ***Communication Day- Nov-11***

***Let us pray for priests :***

***Ordination Day Greetings :***

Rev. Fr. Stephen Jairaj OFM Cap Nov - 29

***Birth Day Greetings***

Rev. Fr. Joseph Cheeran Nov - 12

Rev. Fr. Varghese Puthiyedath Nov - 30

*Fr. Lawrence Poonolil*
*Chancellor*

**JOSE PORUNNEDOM**
BISHOP OF MANANTHAVADY

Port.No.21255/2018 31- August 2018

To,

His Excellency
Mar Lawrence Mukkuzhy
Bishop of Belthangady
Bishop's House, P.B.No.13
Belthangady- 574 214
D.K., Karnataka

His Excellency,

Thank you very much for the prayers and financial support as well as for the food and other essential goods to the disaster affected people of Mananthavady. The relief materials reached here on time and we could deliver them according to the need of the people. I appreciate very much your care and conern for the people of Mananthavady. By the grace of God we are slowly recovering from the impacts of the flood. Kindly pray for us to get back to the normal conditions

With Fraternal regards.

Yours sincerely in the Lord,

**Bishop Jose Porunnedom**
**Bishop of Mananthavady**



# വിശ്വാസപരിശീലന രംഗം

*"തന്റെ മുമ്പാകെ സ്നേഹത്തിൽ പരിശുദ്ധരും നിഷ്കളങ്കരുമായിരിക്കാൻ ലോക സ്ഥാപനത്തിനുമുമ്പുതന്നെ അവിടുന്നു നമ്മെക്രിസ്തുവിൽ തെരഞ്ഞെടുത്തു". (എഫേ: 4)*

**♦ വിശ്വാസ പരിശീലന അദ്ധ്യാപക ദിനം നവംബർ 4**

*"ദൈവശുശ്രൂഷയിൽ പുരോഗമിക്കാനാഗ്രഹിക്കുന്നവർ ഓരോ ദിവസവും നവ തീക്ഷ്ണതയോടെ ആരംഭിക്കണം, കഴിയുന്നിടത്തോളം ദൈവസന്നിധിയിൽ കഴിച്ചുകൂട്ടണം. ദൈവമഹത്വമല്ലാതെ മറ്റൊരു ലക്ഷ്യവും തന്റെ പ്രവൃത്തികൾക്കുണ്ടാകരുത്"* വി. ചാൾസു ബൊറോമിയോ. നവംബർ 4 വിശ്വാസപരിശീലന അദ്ധ്യാപകരുടെ ദിനമായി തിരുസഭ ആഘോഷിക്കുമ്പോൾ വിശ്വാസ പരിശീലന രംഗത്ത് സേവനം ചെയ്യുന്ന എല്ലാ അദ്ധ്യാപകർക്കും ആ ദിനത്തിന്റെ എല്ലാ ദൈവനുഗ്രഹങ്ങളും നന്മകളും നേരുന്നു.

**♦ വിശ്വാസ പരിശീലന ക്ലാസ്സുകളുടെ സന്ദർശനം**

**നവംബർ 04** - തോട്ടത്താടി, ദേവഗിരി, ഗംണ്ടിബാഗിലു, കാഞ്ചാൽ
**നവംബർ 18** - *മുംഡാജെ, ഉജിരേ,* ധർമ്മസ്ഥല, ബൊൾമിനാർ.
**നവംബർ 25** - കളഞ്ച, ബട്ട്യാൽ, ബംഗാഡി, നാവൂർ, ശിർലാൽ.
**ഡിസംബർ 02** - കുത്തല്ലൂർ. മാളാചൗക്കി, ബജെഗോളി, അജേകാർ.
**ഡിസംബർ 16** - അഡ്ഡഹൊളെ, ഷിരാഡി, ഉദനെ, നെല്ല്യാടി.

**♦ ബൈബിൾ ക്വിസ് - 2018**

**ഇടവകാ തല ക്വിസ് മത്സരം നവംബർ 11 നും,**
**രൂപതാ തല ക്വിസ് മത്സരം ഡിസംബർ 09 നുമായിരിക്കും** നടത്തുക. ഇടവകാ തല ബൈബിൾ ക്വിസിന്റെ റിസൽട്ട് ഗ്രൂപ്പ് അടിസ്ഥാനത്തിൽ തന്നിരിക്കുന്ന ഫോമിൽ പൂരിപ്പിച്ച് നവംബർ 25ന് മുൻപായി രൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**ഡിസംബർ 9, രാവിലെ 09.00 - വി. കുർബാന**
**10.00 - ക്വിസ് ആരംഭിക്കുന്നതാണ്**
**03.00 - സമ്മാനദാനം**

• **അറിയിപ്പ്**

വിശ്വാസ പരിശീലന രംഗത്ത് 25 വർഷം സേവനം അനുഷ്ഠിച്ച വരെയും SSLC & PUC ക്ലാസുകളിൽ 95% ത്തിൽ കൂടുതൽ മാർക്കു നേടിയവരേയും അന്നേ ദിനം ആദരിക്കുന്നതുമാണ്.

• **വിശ്വാസപരിശീലന ഫൊറോന സെമിനാറുകൾ:**

നമ്മുടെ രൂപതയിൽ 2018 നവമ്പറിൽ നടക്കുവാനിരിക്കുന്ന ഫൊറോന സെമിനാറുകളുടെ ക്രമീകരണങ്ങളും വിശദാംശങ്ങളും താഴെ കൊടുത്തിരിക്കുന്നതുപോലെയായിരിക്കും...

**നവംബർ- 24,25 കൊഡഗു സിദ്ധാപുര ഫൊറോന**

(സ്ഥലം- ഹോസ്കോട്ടെ.)

സമയം: ആദ്യ ദിവസം രാവിലെ 9.30 ക്ക് ആരംഭിച്ച് രണ്ടാ ദിവസം 4.00 മണി വരെ ആയിരിക്കും..

## ചെറുപുഷ്പ മിഷൻലീഗ്

♦ **മിഷൻലീഗ് യൂണിറ്റ് ഭാരവാഹികളുടെ സംസ്ഥാന തല സമ്മേളനം.**

ഈ വർഷത്തെ മിഷൻലീഗ് യൂണിറ്റ് ഭാരവാഹികളുടെ സംസ്ഥാന തല സമ്മേളനം ഒക്ടോബർ 14ാം തിയ്യതി മാണ്ഡ്യ രൂപതായിൽ വച്ച് നടത്തപ്പെട്ടു. പ്രസ്തുത സമ്മേളനത്തിൽ മൂന്ന് രൂപതകളിൽ നിന്നായി 300 പേർ പങ്കെടുത്തു.

**"സഹന സഭയോടൊപ്പം"**

മരിച്ചുപോയ എല്ലാ സഹോദരങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കുക.

• **പ്രാർത്ഥിക്കാം**

മരിച്ച വിശ്വാസികൾക്കുവേണ്ടിയുള്ള പ്രാർത്ഥന പഠിച്ച് നമ്മുടെ കുടുംബങ്ങളിൽനിന്നും ഈ ലോകത്തിൻനിന്നും മരിച്ചുപോയ എല്ലാവിശ്വാസികൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

• ഈ മാസത്തെ പ്രവർത്തനം സിമിത്തേരി വൃത്തിയാക്കുന്നു.

♦ **അനുസ്മരിക്കുന്ന തിരുനാൾ**

| | |
|---|---|
| വി. ചാൾസ് ബൊറോമിയോ | (നവംബർ 4) |
| ക്രിസ്തു രാജന്റെ തിരുനാൾ | (നവംബർ 25) |

♦ **പ്രാർത്ഥനാ നിയോഗം**

മരിച്ചുപോയ എല്ല വിശ്വാസികൾക്കുവേണ്ടി പ്രാർത്ഥിക്കുക.



♦ **സുകൃതജപം**

ഈശോയെ മറ്റുള്ളവരുടെ നന്മകാണുവാൻ എന്നെ പഠിപ്പിക്കണമെ.

♦ **വചനം.**

ഇതാ, ഞാൻ നിന്നോടു കൂടെയുണ്ട് നീ പോകുന്നിടത്തെല്ലാം ഞാൻ നിന്നെ കാത്തു രക്ഷിക്കും, (ഉൽപ 28: 15)

♦ **സെമിനാരി ഫണ്ട്**

| | |
|---|---|
| ബംഗാഡി | - 1000.00 |
| മുദൂർ | - 1000.00 |

♦ **CML Flood Relief Found**

| | |
|---|---|
| Arla | 500. 00 |
| Bajagoli | 1000.00 |
| Battial | 100. 00 |
| Bangady | 1000.00 |
| Bolminar | 240.00 |
| Devagiri | 500.00 |
| Gandibagilu | 650.00 |
| Gonikoppa | 500.00 |
| Guthigar | 500.00 |
| Heggala | 500.00 |
| Hoskote | 180.00 |
| Jadkal | 1000.00 |
| Kankanady | 1060.00 |
| Kalenje | 150.00 |
| Kuthlur | 920.00 |
| Kutrupady | 550.00 |
| Mala - Chowki | 180.00 |
| Manipal | 635.00 |

| | |
|---|---|
| Moorje | 500.00 |
| Mudur | 1000.00 |
| Nettana | 325.00 |
| Puttur | 3000.00 |
| Siddapura Kodagu | 320.00 |
| Shirlal | 670.00 |
| Shirady | 500.00 |
| Sullia | 340.00 |
| Thottathady | 1207.00 |
| Udane | 660.00 |
| Ujire | 1000.00 |

## തിരുബാലസഖ്യം

**♦ അനുസ്മരിക്കുന്ന തിരുനാൾ**

വി. മാർട്ടിൻ ഡി പോറെസ്സ് (നവംബർ 3)
പരി. കന്യാകാ മറിയത്തിന്റെ കാഴ്ചവയ്പ്പ് (നവംബർ 21)

**♦ പ്രാർത്ഥനാ നിയോഗം**

നിങ്ങളെ പഠിപ്പിക്കുന്ന എല്ലാ അദ്ധ്യാപകർക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

**♦ സുകൃതജപം**

ഈശോയെ അങ്ങെ ജ്ഞാനത്താൽ എന്നെ നിറക്കെണമെ.

**♦ വചനം**

ഞാൻ ദൈവത്തെ വിളിച്ച് അപേക്ഷിക്കുന്നു. കർത്താവ് എന്നെ രക്ഷിക്കും. (സങ്കി. 55-16)

**♦ 2018 തിരുബാലസഖ്യ ബൈബിൾ കലോത്സവം**

2018 തിരുബാലസഖ്യ ബൈബിൾ കലോത്സവത്തിൽ പങ്കെടുത്ത എല്ലാ കുഞ്ഞു മാലാഖമാർക്കും പ്രത്യേക അഭിനന്ദനങ്ങൾ!!! നിങ്ങളുടെ കഴിവുകളും സിദ്ധികളും ഇനിയും അഭിഷേകമായി തീരുവാൻ നല്ല ഈശോ നിങ്ങളെ സമൃദ്ധമായി അനുഗ്രഹിച്ച് ഉയർത്തട്ടെയെന്ന് ആശംസിക്കുന്നു.



## Diocesan Level HCA Winners List

| | | |
|---|---|---|
| Single Dance | I | Delna Kunnathel, Udane |
| | II | Sonal Monica, Kutrupady |
| | III | Shincy Anna,Hoskote |
| Solo Song | I | Jerry Antony , Nelliyady |
| | II | Ashly Urumbil,Jadkal |
| | III | Aljin Chumalaparambil, Mudur |
| Speech | I | Mary Kadathalakunnel,Bolminar |
| | II | Mary Valookaran,Thottathady |
| | III | Shincy Anna, Hoskote |
| Psalm | I | Lin Maria , Venur |
| Recitation | II | Mary Perakarottu, Kankanady |
| | III | Seth Shaji Palakkattu, Hebri |
| Fancy | I | Thomas Pulickal, Arla |
| dress | II | Shoan Augustine,Moorje |
| | III | Elizabeth Vazhakadavil,Thottathady |
| Action | I | Alphonsa Madavath & Team ,Gandibagilu |
| Song | II | Lin Maria & Team,Venur |
| | III | Maria & Team, Jadkal |
| General | I | Elizabeth Chiramban & Team, Kankanady |
| Quiz | II | Sweety Rose & Team, Devagiri |
| | III | Maria Puthenveettil &Team, Guthigar |

Over All Champian - Thottathady Forane

Runners Up - Belthangady Forane & Udane Forane

**ഫാ. ജോസഫ് മറ്റം**
**രൂപതാ വിശ്വാസപരിശീലന ഡയറക്ടർ**

# ಸಮಾಜ ಸೇವಾ ವಿಭಾಗ

**ನವಜೀವನ ಹೆಚ್.ಐ.ವಿ/ಏಡ್ಸ್ ಆರೈಕೆ ಮತ್ತು ಬೆಂಬಲ ಕಾರ್ಯಕ್ರಮ**

ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ (ರಿ) ಸಂಸ್ಥೆಯು ಹೆಚ್.ಐ.ವಿ ಸೋಂಕಿತ ಮತ್ತು ಭಾದಿತರಿಗೋಸ್ಕರ ಬೆಂಬಲ ನೀಡುವ ಕಾರ್ಯಕ್ರಮವನ್ನು ನಡೆಸುತ್ತಿದ್ದು 120 ಹೆಚ್.ಐ.ವಿ ಸೋಂಕಿತ ವ್ಯಕ್ತಿಗಳನ್ನು ಹಾಗೂ 40 ಸೋಂಕಿತ ಮಕ್ಕಳನ್ನು ಗುರುತಿಸಿ ಅವರಿಗೆ ಮಾನಸಿಕ ಸ್ಥೈರ್ಯ ನೀಡುವ ಕೆಲಸವನ್ನು ಮಾಡುತ್ತಿದೆ.

ದಿನಾಂಕ 16.10.18 ರಂದು ಡಿ.ಕೆ.ಅರ್.ಡಿ.ಎಸ್ (ರಿ) ಬೆಳ್ತಂಗಡಿ, ನವಜೀವನ ಆರೈಕೆ ಮತ್ತು ಬೆಂಬಲ ಕಾರ್ಯಕ್ರಮ ನೇತೃತ್ವದಲ್ಲಿ ತುಳುಕೂಟ ಕುವೈಟ್ ಹಾಗೂ ಕಾರಿತಾಸ್ ಇಂಡಿಯಾ ನವದೆಹಲಿ ಸಹಭಾಗಿತ್ವದಲ್ಲಿ ಹೆಚ್.ಐ.ವಿ ಸೋಂಕಿತ ಮತ್ತು ಭಾದಿತ ಮಕ್ಕಳ ರಜಾಶಿಬಿರ ಚಿಲಿಪಿಲಿ 2018 ಕಾರ್ಯಕ್ರಮ ಹಾಗೂ ಮಾಸಿಕ ಬೆಂಬಲ ಸಬೆಯನ್ನು ಸಾನ್ ತೋಮ್ ಟವರ್ ಬೆಳ್ತಂಗಡಿ ಇಲ್ಲಿ ಆಯೋಜಿಸಲಾಗಿತ್ತು. ನವಚೈತನ್ಯ ಸಂಘದ ಅಧ್ಯಕ್ಷೆ ಶ್ರೀಮತಿ ಲಲಿತ ಇವರು ಅಧ್ಯಕ್ಷತೆಯನ್ನು ವಹಿಸಿದ್ದರು. ಅತಿಥಿಗಳಾಗಿ ಬೆಳ್ತಂಗಡಿ ಧರ್ಮಪ್ರಾಂತ್ಯದ ಚಾನ್ಸಲರ್ ವಂ. ಫಾ। ಲಾರೆನ್ಸ್ ಪುನೋಳಿಲ್ ಇವರು ಮಕ್ಕಳಿಗೆ ಪೌಷ್ಟಿಕಾಹಾರವನ್ನು ವಿತರಿಸಿ ಶುಭವನ್ನು ಹಾರೈಸಿದರು. ಸಂಪನ್ಮೂಲ ವ್ಯಕ್ತಿಯಾಗಿ ಶ್ರೀ ಧರಣೇಂದ್ರ ಜೈನ್ ಉಪನ್ಯಾಸಕರು ಸರಕಾರಿ ಪ್ರೌಢಶಾಲೆ ಮುಂಜಾಲಕಟ್ಟೆ ಇವರು ಆತ್ಮವಿಶ್ವಾಸ ಭರಿತ ಜೀವನ ಶೈಲಿಯ ಬಗ್ಗೆ ಮಾಹಿತಿ ನೀಡಿದರು. ಹೊಂಗಿರಣ ಪೊಸಿಟಿವ್ ನೆಟ್‌ವರ್ಕ್ ಅಧ್ಯಕ್ಷತೆ ಸೀಮಾ ಹಾಗೂ ಬೆಳ್ತಂಡಿ ವಲಯ ಕಾರ್ಯಕರ್ತೆ ಸಿಂತಿಯಾ ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾದ ವಂ. ಫಾ। ಜೋಸ್ ಆಯಾಂಕುಡಿ ಸಹಾಯಕ ನಿರ್ದೇಶಕರಾದ ವಂ. ಫಾ। ಬಿನೋಯ್ ಉಪಸ್ಥಿತರಿದ್ದರು. ಒಟ್ಟು 65 ಮಂದಿ ಭಾಗವಹಿಸಿದ್ದರು.

**ಸ್ಮೈಕ್ ಸುರಕ್ಷಾ ಯೋಜನೆ**

ಈ ಯೋಜನೆಯನ್ನು ಹೆಚ್.ಐ.ವಿ ಸೋಂಕಿತ ಮಕ್ಕಳ ಆರೋಗ್ಯ ಸುಧಾರಣೆ, ಪೌಷ್ಟಿಕಾಹಾರ ಪೂರೈಕೆ ಮತ್ತು ಶಿಕ್ಷಣಕ್ಕೆ ನೆರವು ನೀಡುವ ಉದ್ದೇಶದಿಂದ ಸಂಸ್ಥೆ ಮಟ್ಟದಲ್ಲಿ ಅನುಷ್ಠಾನಗೊಳಿಸಿದ್ದು ಸೋಂಕಿತ ಮಕ್ಕಳ ಅಭಿವೃದ್ಧಿ ಮತ್ತು ಅವರನ್ನು ಸಮಾಜದ ಮುಖ್ಯ ವಾಹಿನಿಗೆ ತರುವುದು ಈ ಯೋಜನೆಯ ಮುಖ್ಯ ಉದ್ದೇಶವಾಗಿದೆ.

ಸಪ್ಟೆಂಬರ್ ಹಾಗೂ ಅಕ್ಟೋಬರ್ ತಿಂಗಳಲ್ಲಿ ರೂ.54400 ಧನಸಹಾಯವನ್ನು ನೀಡಿದ್ದು ಪೌಷ್ಟಿಕಾಹಾರ ವಿತರಣೆ, ಮಕ್ಕಳಿಗೆ ಶಿಕ್ಷಣಕ್ಕೆ ನೆರವು ಹಾಗೂ ವೈದ್ಯಕೀಯ ಚಿಕಿತ್ಸೆಗಾಗಿ ಸಹಕಾರಿಯಾಗಿದೆ.



**ಮಹಿಳಾ ಸಶಕ್ತತಾ ಕಾರ್ಯಕ್ರಮ**

ಮಿಸರಿಯೋರ್ ಪ್ರಾಯೋಜಿತ ಮಹಿಳಾ ಸಶಕ್ತತಾ ಕಾರ್ಯಕ್ರಮವು ಕ್ರಾಸ್ ಸಂಸ್ಥೆಯ ನೇತೃತ್ವದಲ್ಲಿ ಡಿ.ಕೆ.ಆರ್. ಡಿ.ಎಸ್.ಸಂಸ್ಥೆಯ ಮುಖಾಂತರ ಬೆಳ್ತಂಗಡಿ ಹಾಗೂ ಪುತ್ತೂರು ತಾಲೂಕುಗಳ ಆಯ್ದ 26 ಗ್ರಾಮಗಳಲ್ಲಿ ವ್ಯಾಪಿಸಿದೆ.ಒಟ್ಟು 120 ಮಹಿಳಾ ಸಂಘಗಳು, 8 ಮಹಾಸಂಘಗಳು,ಮತ್ತು 2 ನೋಂದಾಯಿತ ಒಕ್ಕೂಟಗಳು ಇವೆ. ಒಟ್ಟು 1361 ಮಂದಿ ಸದಸ್ಯರು ಕಾ0ರ್ಯನಿರ್ವಹಿಸುತ್ತಿದ್ದಾರೆ.

ದಿನಾಂಕ 13.9.2018 ಮತ್ತು 25.9.2018ರಂದು ಅಕ್ಷಯ ಮಹಾಸಂಘ ಶಿರಾಡಿ ಮತ್ತು ಅಮೂಲ್ಯ ಮಹಾಸಂಘ ನೆಲ್ಯಾಡಿ ಇದರ ವತಿಯಿಂದ ಸಂಬಾವ್ಯ ಅಭ್ಯರ್ಥಿಗಳಿಗೆ ಪ್ರೇರಣಾ ತರಭೇತಿಯನ್ನು ಹಮ್ಮಿಕೊಳ್ಳಲಾಯಿತು. ಸಂಪನ್ಮೂಲ ವ್ಯಕ್ತಿಯಾಗಿ ಆಗಮಿಸಿದ ಶ್ರೀಮತಿ ಆಶಾ ಲಕ್ಷ್ಮಣ್, ಸದಸ್ಯರು ತಾಲೂಕು ಪಂಚಾಯತ್ ಬಿಳಿನೆಲೆ ಕ್ಷೇತ್ರ ಹಾಗೂ ಶ್ರೀಮತಿ ಉಷಾ ಅಂಚನ್, ಸದಸ್ಯರು ತಾಲೂಕು ಪಂಚಾಯತ್ ಇವರು ಮಾಹಿತಿ ನೀಡಿದರು. ಸಂಸ್ಥೆಯ ಸಹಾಂಸುಕ ನಿರ್ದೇಶಕರಾದ ವಂ.ಫಾ.ಬಿನೋಯಿ ಎ.ಜೆ, ಮಹಿಳಾ ಸಬಲೀಕರಣ ಯೋಜನೆ ಸಂಯೋಜಕಿ ಕು.ಶುಭ ಹಾಗೂ ಕಾರ್ಯಕರ್ತರಾದ ಎಲ್ಸಿ ಇವರು ಉಪಸ್ಥಿತರಿದ್ದರು. 64 ಸದಸ್ಯರು ಮಾಹಿತಿಯ ಪ್ರಯೋಜನ ಪಡೆದರು.

ದಿನಾಂಕ 20.9.2018ರಂದು ಉದಯ ಮಹಾಸಂಘ ಗಂಡಿಬಾಗಿಲು ಇದರ ವತಿಯಿಂದ ಪಂಚಾಯತ್ ಅಧಿಕಾರಿಗಳೊಂದಿಗೆ ಸಂವಾದ ಕಾರ್ಯಕ್ರಮವನ್ನು ನೆರಿಯ ಪಂಚಾಯತ್‌ನಲ್ಲಿ ಹಮ್ಮಿಕೊಳ್ಳಲಾಯಿತು. ಸಭಾ ಅಧ್ಯಕ್ಷತೆಯನ್ನು ಮಹಾಸಂಘದ ಅಧ್ಯಕ್ಷೆ ಶ್ರೀಮತಿ ಸೆಲಿನ್ ಇವರು ವಹಿಸಿದರು. ಪಂಚಾಯತ್ ಅಭಿವೃದ್ಧಿ ಅಧಿಕಾರಿ ಆಗಿರುವ ಶ್ರೀ.ಚೇತನ್ ಇವರು ಸರಕಾರಿ ಯೋಜನೆಗಳ ಕುರಿತು ಮಾಹಿತಿ ನೀಡಿದರು. ಸಂಘದ ಸದಸ್ಯರು ಪಂಚಾಯತ್ ಅಭಿವೃದ್ಧಿ ಅಧಿಕಾರಿಯೊಂದಿಗೆ ಗ್ರಾಮ ಅಭಿವೃದ್ಧಿ ಕೆಲಸಗಳ ಕುರಿತು ಚರ್ಚಿಸಲಾಯಿತು.ಮಹಾಸಂಘದ ವತಿಯಿಂದ ಅಣಿಯೂರು ಎಂಬಲ್ಲಿ ಕಸದ ತೊಟ್ಟಿ ನಿರ್ಮಾಣದ ಕುರಿತು ಮನವಿ ಸಲ್ಲಿಸಲಾಯಿತು. ಸಂಸ್ಥೆಯ ಸಹಾಯಕ ನಿರ್ದೇಶಕರಾದ ವಂ.ಫಾ. ಬಿನೋಯಿ ಎ.ಜೆ ಇವರು ಪ್ರಾಸ್ತಾವಿಕ ಮಾತನಾಡಿದರು. ಕಾರ್ಯಕರ್ತರಾದ ಜಾನ್ಸನ್ ಉಪಸ್ಥಿತರಿದ್ದರು. 32 ಮಹಿಳೆಯರು ಭಾಗವಹಿಸಿದ್ದಾರೆ.

ದಿನಾಂಕ 24.9.2018ರಂದು ಶಿರ್ಲಾಲಿನಲ್ಲಿ ಅನುದೀಪಾ ಮತ್ತು ಆದಶ್ ಸಂಘದ ಮಹಿಳೆಯರಿಗೆ ಸರಕಾರಿ ಯೋಜನೆಗಳ ಕುರಿತು ಮಾಹಿತಿ ಕಾರ್ಯಕ್ರಮವನ್ನು ಹಮ್ಮಿಕೊಳ್ಳಲಾಯಿತು

ಶ್ರೀ ರಾಜು ಪಂಚಾಯತ್ ಅಭಿವೃದ್ಧಿ ಅಧಿಕಾರಿ, ಗ್ರಾಮ ಪಂಚಾಯತ್ ಶಿರ್ಲಾಲು ಇವರು ಸಂಪನ್ಮೂಲ ವ್ಯಕ್ತಿಯಾಗಿ ಆಗಮಿಸಿ ಮಾಹಿತಿ ನೀಡಿದರು. ಸಂಸ್ಥೆಯ ಸಹಾಯಕ ನಿರ್ದೇಶಕರಾದ ವಂ.ಫಾ ಬಿನೋಯಿ ಎ.ಜೆ ಇವರು ಪ್ರಾಸ್ತಾವಿಸಿದರು. ಕಾರ್ಯಕರ್ತರಾದ ಮಾರ್ಕ್ ಡಿಸೋಜ ಇವರು ಉಪಸ್ಥಿತರಿದ್ದರು. 20 ಮಹಿಳೆಯರು ಭಾಗವಹಿಸಿದರು.

ದಿನಾಂಕ 29.9.2018ರಂದು ನಂದಾದೀಪಾ ಸಂಘ ಸಂಜಯನಗರ ಮತ್ತು ದೇವಿ ಸಂಘ ಸಂಜಯನಗರ ಇದರ ವತಿಯಿಂದ ಪೌಷ್ಠಿಕ ಆಹಾರ ಸಪ್ತಾಹದ ಅಂಗವಾಗಿ ಮಾಹಿತಿ ಮತ್ತು ಪ್ರಾತ್ಯಕ್ಷಿಕೆ ಕಾರ್ಯಕ್ರಮವನ್ನು ಹಮ್ಮಿಕೊಳ್ಳಲಾಯಿತು. ಸಭಾ ಆಧ್ಯಕ್ಷತೆಯನ್ನು ಶ್ರೀಮತಿ ಆಶಾ, ಅಧ್ಯಕ್ಷರು ನಂದಾದೀಪಾ ಸಂಘ ಇವರು ವಹಿಸಿದರು. ಸಂಸ್ಥೆಯ ಸಹಾಯಕ ನಿರ್ದೇಶಕರಾದ ವಂ.ಫಾ. ಬಿನೋಯಿ ಎ.ಜೆ ಇವರು ಉದ್ಘಾಟಿಸಿ ಶುಭಹಾರೈಸಿದರು. ಸಂಪನ್ಮೂಲ ವ್ಯಕ್ತಿಯಾಗಿ ಆಗಮಿಸಿದ ಶ್ರೀಮತಿ ಅಮ್ಮಿ, ಆರೋಗ್ಯ ಶಿಕ್ಷಣಾಧಿಕಾರಿ ಸಮುದಾಯ ಆರೋಗ್ಯಕೇಂಧ್ರ ಬೆಳ್ತಂಗಡಿ ಇವರು ಪೌಷ್ಠಿಕ ಆಹಾರದ ಕುರಿತು ಮಾಹಿತಿ ನೀಡಿದರು. ಶ್ರೀಮತಿ ಜಲಜ, ಅಂಗನವಾಡಿ ಕಾರ್ಯಕರ್ತೆ ಇವರು ಮುಖ್ಯ ಅತಿಥಿಗಳಾಗಿ ಆಗಮಿಸಿದರು. ಮಹಿಳೆಯರು ಪೌಷ್ಠಿಕ ಆಹಾರಗಳನ್ನು ತಯಾರಿಸಿ ತಂದರು. ಮಹಿಳಾ ಸಬಲೀಕರಣ ಯೋಜನೆ ಸಂಯೋಜಕಿ ಕು.ಶುಭ ಹಾಗೂ ಕಾರ್ಯಕರ್ತರಾದ ಮಾರ್ಕ್ ಡಿಸೋಜ ಇವರು ಉಪಸ್ಥಿತರಿದ್ದರು. 23 ಸದಸ್ಯರು ಮಾಹಿತಿಯ ಪ್ರಯೋಜನ ಪಡೆದರು.

ದಿನಾಂಕ 10.10.2018ರಂದು ಸುಂಕದಕಟ್ಟೆಯಲ್ಲಿ ಸಂಘದ ಮಹಿಳೆಯರಿಗೆ ನಾಯಕತ್ವ ಪ್ರೇರಣಾ ತರಭೇತಿಯನ್ನು ಹಮ್ಮಿಕೊಳ್ಳಲಾಯಿತು. ಸಂಪನ್ಮೂಲ ವ್ಯಕ್ತಿಯಾಗಿ ಆಗಮಿಸಿದ ಶ್ರೀ.ರಾಜೇಶ್, ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ಇವರು ಮಾಹಿತಿ ನೀಡಿದರು. ಕಾರ್ಯಕರ್ತರಾದ ಸುಶೀಲ ಇವರು ಉಪಸ್ಥಿತರಿದ್ದರು. 30 ಸದಸ್ಯರು ಮಾಹಿತಿಯ ಪ್ರಯೋಜನ ಪಡೆದರು.

ದಿನಾಂಕ 15.10.2018ರಂದು ಅರುಣೋದಯ ಮಹಾಸಂಘ ಬೆಳ್ತಂಗಡಿ ಇದರ ವತಿಯಿಂದ ಮಾಧ್ಯಮಗಳೊಂದಿಗೆ ಸಂಪರ್ಕದ ಕುರಿತು ಮಾಹಿತಿ ಕಾರ್ಯಕ್ರಮವನ್ನು ಹಮ್ಮಿಕೊಳ್ಳಲಾಯಿತು. ಸಂಪನ್ಮೂಲ ವ್ಯಕ್ತಿಯಾಗಿ ಆಗಮಿಸಿದ ಶ್ರೀ ಸಿಬಿ ಧರ್ಮಸ್ಥಳ, ವರದಿಗಾರರು ವಾರ್ತಾಭಾರತಿ ಪತ್ರಿಕೆ ಇವರು ಮಾಹಿತಿ ನೀಡಿದರು. ಮಹಿಳಾ ಸಬಲೀಕರಣ ಯೋಜನೆ ಸಂಯೋಜಕಿ ಕು.ಶುಭ ಹಾಗೂ ಕಾರ್ಯಕರ್ತರಾದ ಮಾರ್ಕ್ ಡಿಸೋಜ ಇವರು ಉಪಸ್ಥಿತರಿದ್ದರು. 25 ಸದಸ್ಯರು ಮಾಹಿತಿಯ ಪ್ರಯೋಜನ ಪಡೆದರು.

ದಿನಾಂಕ 16.10.2018ರಂದು ಭಾಗ್ಯೋದಯ ಮಹಾಸಂಘ ನೆಟ್ಟಣ ಇದರ ವತಿಯಿಂದ ವಿಶ್ವ ಆಹಾರ ದಿನಾಚರಣೆಯ ಅಂಗವಾಗಿ ಮಾಹಿತಿ ಕಾರ್ಯಕ್ರಮವನ್ನು ಮರ್ದಾಳದಲ್ಲಿ ಹಮ್ಮಿಕೊಳ್ಳಲಾಯಿತು. ಸಭಾಧ್ಯಕ್ಷತೆಯನ್ನು ಶ್ರೀಮತಿ ಸ್ವಪ್ನಾ ದಿವಾಕರ್, ಉಪಾಧ್ಯಕ್ಷೆ ಕಿರಣ್ ಮಹಿಳಾ ತಾಲೂಕು ಕಡಬ ಇವರು ವಹಿಸಿದರು. ಸಂಪನ್ಮೂಲ ವ್ಯಕ್ತಿಯಾಗಿ ಆಗಮಿಸಿದ ಶ್ರೀಮತಿ ಮರಿಯಮ್ಮ ಇವರು ಮಾಹಿತಿ ನೀಡಿದರು. ಮುಖ್ಯ ಅತಿಥಿಯಾಗಿ ಶ್ರೀಮತಿ ರೋಸಮ್ಮ ಆಶಾ ಕಾರ್ಯಕರ್ತೆ ಆಗಮಿಸಿ ಶುಭಹಾರೈಸಿದರು. ಮಹಿಳಾ ಸಬಲೀಕರಣ ಯೋಜನೆ ಸಂಯೋಜಕಿ ಕು.ಶುಭ ಹಾಗೂ ಕಾರ್ಯಕರ್ತರಾದ ಸುಶೀಲ ಇವರು ಉಪಸ್ಥಿತರಿದ್ದರು. 25 ಸದಸ್ಯರು ಮಾಹಿತಿಯ ಪ್ರಯೋಜನ ಪಡೆದರು.



**ಸುರಕ್ಷಾ ಯೋಜನೆ**

ದಿನಾಂಕ 2.10.2018 ರಂದು ಸುರಕ್ಷಾ ಕಾರ್ಯಕಾರಿ ಸಮಿತಿ ನೆರಿಯ ಇದರ ನೇತೃತ್ವದಲ್ಲಿ ಗ್ರಾಮ ಪಂಚಾಯತ್ ನೆರಿಯ, ಪ್ರಾಥಮಿಕ ಆರೋಗ್ಯ ಕೇಂದ್ರ ನೆರಿಯ, ಉದಯ ಮಹಾಸಂಘ ಗಂಡಿಬಾಗಿಲು, ಕ್ರೆಡಿಟ್ ಯೂನಿಯನ್ ಗಂಡಿಬಾಗಿಲು ಮತ್ತು ದೇವಗಿರಿ, ಸೀರೋ ಮಲಬಾರ್ ಯೂತ್ ಮೂವ್‌ಮೆಂಟ್ ಗಂಡಿಬಾಗಿಲು, ಸಂತ ತೋಮಸ್ ಪ್ರೌಢಶಾಲೆ ಗಂಡಿಬಾಗಿಲು, ಕರ್ನಾಟಕ ಮಾನವ ಹಕ್ಕುಗಳ ಸಮಿತಿ (ರಿ) ಬೆಳ್ತಂಗಡಿ ತಾಲೂಕು, ರಿಕ್ಷಾ ಚಾಲಕ- ಮಾಲಕರ ಸಂಘ ಅಣಿಯೂರು, ಶ್ರೀ ಕೃಷ್ಣ ಆಸ್ಪತ್ರೆ ಕಕ್ಕಿಂಜೆ, ಸಂತ ವಿನ್ಸೆಂಟ್ ಡಿ ಪಾವ್ಲ್ ಸೊಸೈಟಿ ಗಂಡಿಬಾಗಿಲು ಇವರ ಸಂಯುಕ್ತ ಆಶ್ರಯದಲ್ಲಿ ಗಾಂಧೀ ಜಯಂತಿಯ ಅಂಗವಾಗಿ ಬೃಹತ್ ಸ್ವಚ್ಚತಾ ಕಾರ್ಯಕ್ರಮವು ಅಕ್ಟೋಬರ್ 2 ರಂದು ನೆರಿಯ ಗ್ರಾಮ ಪಂಚಾಯತ್ ಸಭಾಭವನದಲ್ಲಿ ನಡೆಯಿತು. ದಕ್ಷಿಣ ಕನ್ನಡ ಜಿಲ್ಲೆಯ ಸ್ವಚ್ಚ ಭಾರತ್ ಮಿಷನಿನ ಸಂಯೋಜಕರಾದ ಶ್ರೀಮತಿ ಮಂಜುಳಾರವರು ಸ್ವಚ್ಚತೆಯ ಮಹತ್ವದ ಬಗ್ಗೆ ಮಾಹಿತಿ ನೀಡಿದರು. ನೆರಿಯ ಕ್ಷೇತ್ರದ ತಾಲೂಕು ಪಂಚಾಯತ್ ಸದಸ್ಯರಾದ ಶ್ರೀ ವಿ.ಟಿ. ಸೆಬಾಸ್ಟಿಯನ್‌ರವರು ಕಾರ್ಯಕ್ರಮ ಉದ್ಘಾಟಿಸಿದರು. ಸಂತ ತೋಮಸ್ ಚರ್ಚಿನ ಧರ್ಮಗುರುಗಳಾದ ವಂ.ಫಾ. ಮ್ಯಾಥ್ಯೂ ವೆಟ್ಟಂತಡತ್ತಿಲ್ ಕಾರ್ಯಕ್ರಮಕ್ಕೆ ಶುಭ ಹಾರೈಸಿದರು. ದೇವಗಿರಿಯ ಸಂತ ಜೂಡರ ಚರ್ಚ್‌ನ ಧರ್ಮಗುರುಗಳಾದ ವಂ. ಫಾ. ಜೋಸೆಪ್ ಚೀರನ್‌ರವರು ಸ್ವಚ್ಚತಾ ಪ್ರತಿಜ್ಞಾ ವಿಧಿ ಬೋಧಿಸಿದರು. ಅನ್ನಾ ಕಲೆಕ್ಷನ್ಸ್ ಮುಂಡಾಜೆ ಇದರ ಮಾಲಕ ಶ್ರೀ ಸೆಬಾಸ್ಟಿಯನ್ ಪಿ.ಸಿ. ರವರು ಶುಭಸಂಶಾಸನೈದರು. ನೆರಿಯ ಗ್ರಾಮ ಪಂಚಾಯತ್ ಅಧ್ಯಕ್ಷರಾದ ಶ್ರೀ ಪಿ. ಮಹಮ್ಮದ್‌ರವರು ಕಾರ್ಯಕ್ರಮದ ಸಭಾಧ್ಯಕ್ಷತೆ ವಹಿಸಿದ್ದರು. ಈ ದಿನ ಸುರಕ್ಷಾ ಸ್ವಯಂಸೇವಕರು ಎಂಬ ಗುರುತಿನ ಚೀಟಿಯನ್ನು ಸಾಂಕೇತಿಕವಾಗಿ ವಿತರಣೆ ಮಾಡಲಾಯಿತು.ನೆರಿಯ ಗ್ರಾಮ ಪಂಚಾಯತ್ ಅಭಿವೃದ್ಧಿ ಅಧಿಕಾರಿ ಶ್ರೀ. ಚೇತನ್ ಕುಮಾರ್ ಹಾಗೂ ಪಂಚಾಯತ್ ಸಿಬ್ಬಂಧಿ ವರ್ಗ ಕಾರ್ಯಕ್ರಮಕ್ಕೆ ಸಹಕಾರ ನೀಡಿದರು. ಸಭಾ ಕಾರ್ಯಕ್ರಮದ ಬಳಿಕ ಎಲ್ಲಾ ಸಂಘಟನೆಗಳ ಪದಾಧಿಕಾರಿಗಳ ಜೊತೆ ಸೇರಿ ನೆರಿಯ-ಅಣಿಯೂರು ಪೇಟೆ ಕಸ ಹೆಕ್ಕಿ ಸ್ವಚ್ಚ ಮಾಡಲಾಯಿತು. 132 ಮಂದಿ ಈ ಕಾರ್ಯಕ್ರಮದಲ್ಲಿ ಭಾಗವಹಿಸಿದ್ದರು.

**ನವಜೀವನ ಆರೋಗ್ಯ ವಿಮೆ ಯೋಜನೆ**

ಈ ತಿಂಗಳಲ್ಲಿ ಹೊಸದಾಗಿ 58 ಸದಸ್ಯರನ್ನು ಒಳಗೊಂಡ 18 ಕುಟುಂಬಗಳು ಹೊಸದಾಗಿ ಸೇರಿದ್ದಾರೆ ಮತ್ತು 70 ಸದಸ್ಯರನ್ನು ಒಳಗೊಂಡ 15 ಕುಟುಂಬಗಳು ನವೀಕರಿಸಿದ್ದಾರೆ. 4 ಸದಸ್ಯರು ಯೋಜನೆಯ ಪ್ರಯೋಜನ ಪಡೆದಿದ್ದಾರೆ.

## ಇತರ ಕಾರ್ಯಕ್ರಮಗಳು

### ಸಿ.ಯಂ.ಎಸ್.ಎಸ್.ಎಸ್ ಸಂಸ್ಥೆಯ 40ನೇ ವರ್ಷದ ರೂಬಿ ಮಹೋತ್ಸವ

ದಿನಾಂಕ 12–10–18 ನೇ ಶುಕ್ರವಾರದಂದು ಚಿಕ್ಕ ಮಂಗಳೂರಿನ ಸಂತ ಸೋಸೆಫರ ಪೌಢ ಶಾಲೆ ಆವರಣದಲ್ಲಿ ನಡೆದ ಸಿ.ಯಂ.ಎಸ್.ಎಸ್.ಎಸ್ ಸಂಸ್ಥೆಯ 40 ನೇ ವರ್ಷದ ರೂಬಿ ಮಹೋತ್ಸವ ಮತ್ತು ಜೀವನ್ ಜ್ಯೋತಿ ಒಕ್ಕೂಟದ 20ನೇ ವಾರ್ಷಿಕೋತ್ಸವ ಕಾರ್ಯಕ್ರಮದಲ್ಲಿ ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾದ ಫಾ। ಜೋಸ್ ಆಯಾಂಕುಡಿ, ಸಹಾಯಕ ನಿರ್ದೇಶಕರಾದ ಫಾ। ಬಿನೋಯ್ ಎ.ಜೆ, ಮಹಿಳಾ ಸಂಯೋಜಕಿ ಕು। ಶುಭ ಹಾಗೂ ಸ್ನೇಹ ಜ್ಯೋತಿ ಮಹಿಳಾ ತಾಲೂಕು ಒಕ್ಕೂಟದ ಪದಾಧಿಕಾರಿಗಳಾದ ಶ್ರೀಮತಿ ಮಂಜುಳ ಹಾಗೂ ಶ್ರೀಮತಿ ಏಲಿಯಮ್ಮ ಭಾಗವಹಿಸಿ ಸಂಸ್ಥೆಯಕಾರ್ಯಕ್ರಮಗಳಿಗೆ ಶುಭ ಹಾರೈಸಿದರು.

**ಕಾರಿತಾಸ್ ಇಂಡಿಯಾ ಸಂಸ್ಥೆಯ ರಾಷ್ಟ್ರೀಯ ಸಮ್ಮೇಳನ**

ದಿನಾಂಕ 17 ಮತ್ತು 18ನೇ ಒಕ್ಟೋಬರ್ 2018 ರಂದು ಬೆಂಗಳೂರು ಸೈಂಟ್ ಜೋನ್ಸ್ ಆಸ್ಪತ್ರೆ ಸಭಾಂಗಣದಲ್ಲಿ ನಡೆದ ಎರಡು ದಿನದ ನ್ಯಾಷನಲ್ ಅಸೆಂಬ್ಲಿಯಲ್ಲಿ ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾದ ಫಾ। ಜೋಸ್ ಆಯಾಂಕುಡಿ ಭಾಗವಹಿಸಿದ್ದರು.

**ಫಾ। ಜೋಸ್ ಆಯಾಂಕುಡಿ**
ನಿರ್ದೇಶಕರು, ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್



# ഫാമിലി അപ്പസ്തോലേറ്റ്

**1. ആരാധനാഗ്നി:**

സഭയുടെയും, സമൂഹത്തിന്റെയും, കുടുംബത്തിന്റെയും രാഷ്ട്രത്തിന്റെയും നവീകരണത്തിനുവേണ്ടിയുള്ള 101 ദിവസത്തെ ദിവ്യകാരുണ്യ ആരാധന 2018 ഒക്ടോബർ 18-ാം തീയതി ദേവഗിരി ഇടവകയിൽ വച്ച് ഫാമിലി അപ്പസ്തോലേറ്റ് ഡയറക്ടർ ബഹു. തോമസ് പുതിയറ അച്ചൻ ഉദ്ഘാടനം ചെയ്തു. തുടർന്ന് ഓരോ ദിവസവും ഓരോ ഇടവകയിൽ ആരാധന നടത്തപ്പെടുന്നു.
ആരാധനാഗ്നിയുടെ ഭാഗമായി ഓരോ ദിവസവും ദിവ്യകാരുണ്യത്തെക്കുറിച്ചും അതിന്റെ ശക്തിയെകുറിച്ചും ഓരോ വൈദീകർ വചന പ്രഘോഷണവും നടത്തുന്നു.

**2. ഏകദിന കൺവെൻഷൻ:**

2018 ഒക്ടോബർ 27-ാം തീയതി രാവിലെ 9.30 മുതൽ 4 മണിവരെ കത്തീഡ്രൽ ദേവാലയത്തിൽ വച്ച് ഏകദിന കൺവെൻഷൻ നടത്തപ്പെട്ടു.

**3. കൗൺസിലിംഗ്:**

കൺവെൻഷനോടനുബന്ധിച്ച് പേര് രജിസ്റ്റർ ചെയ്തവർക്ക് (മദർ ഹോം) കൗൺസിലിംഗ് നൽകി.

**4. ഏകദിന കൺവെൻഷൻ മൂന്നാം വാർഷികം :**

2018 നവംവർ 17-ാം തീയതി രാവിലെ 9.30 മുതൽ 4 മണിവരെ ഏകദിന കൺവെൻഷന്റെ മൂന്നാം വാർഷികം നടത്തപ്പെടുന്നു.

**5. വിവാഹ ഒരുക്ക സെമിനാർ :**

2018 ഒക്ടോബർ 25 മുതൽ 28 വരെ ജ്ഞാനനിലയത്തിൽ വച്ച് വിവാഹ ഒരുക്ക സെമിനാർ നടത്തപ്പെട്ടു. 62 പേർ ഇതിൽ പങ്കെടുത്തു.

**6. ആരാധനാഗ്നി ഏകദിന കൺവെൻഷൻ**

2018 ഒക്ടോബർ 29-ാം തീയതി രാവിലെ 9.30 മുതൽ 4 മണിവരെ നെല്ല്യാടി സെന്റ്. അൽഫോൻസാ ദേവാലയത്തിൽ വച്ച് ഏകദിന കൺവെൻഷൻ നടത്തപ്പെട്ടു. ഫാമിലി അപ്പസ്തോലേറ്റിന്റെ നേതൃത്വത്തിൽ ക്ലാസ്സുകളും ആരാധനയും നടത്തപ്പെട്ടു.

# മാതൃവേദി

**1. റിലീഫ് ഫണ്ട് :**

2018 സെപ്റ്റംബർ 8-ാം തീയതി മാതൃദിനാചരണത്തോട് അനുബന്ധിച്ച് ഇടവകാ തലത്തിൽ നടത്തിയ കാഴ്ച സമർപ്പണത്തിലൂടെ ലഭിച്ച തുക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി നല്കി സഹായിച്ച എല്ലാ മാതൃവേദി അംഗങ്ങൾക്കും പ്രത്യേക അഭിനന്ദനങ്ങൾ.ഇതിലേക്ക് സഹായിച്ച ഇടവകകളുടെ പേര് വിവരങ്ങൾ താഴെ ചേർത്തിരിക്കുന്നു.

**ബെൽത്തംഗഡി ഫൊറോനാ**

| | | | | | |
|---|---|---|---|---|---|
| ബജഗോളി | - | 5000.00 | ബംഗാടി | - | 3000.00 |
| ബെൽത്തംഗഡി | - | 3200.00 | വേണൂർ | - | 2000.00 |
| കെർവാഷെ | - | 2600.00 | മാളാ-ചൗക്കി | - | 5000.00 |
| നാവൂർ | - | 3000.00 | മൂർജ്ജെ | - | 6000.00 |

**ധർമ്മസ്ഥല ഫൊറോനാ**

| | | | | | |
|---|---|---|---|---|---|
| ധർമ്മസ്ഥല | - | 1000.00 | കളഞ്ച | - | 10000.00 |
| ഉജിരെ | - | 8240.00 | ബട്ട്യാൽ | - | 2000.00 |

**മംഗലാപൂരം ഫൊറോനാ**

| | | |
|---|---|---|
| മണിപ്പാൽ | - | 10000.00 |

**തോട്ടത്താടി ഫൊറോനാ**

| | | | | | |
|---|---|---|---|---|---|
| ഗണ്ടിബാഗിലു | - | 1200.00 | കാഞ്ചാൽ | - | 4870.00 |
| മുണ്ടാജെ | - | 2000.00 | തോട്ടത്താടി | - | 5000.00 |
| ദേവഗിരി | - | 3000.00 | | | |

**കുട്രുപ്പാടി ഫൊറോനാ**

| | | | | | |
|---|---|---|---|---|---|
| ഗുത്തിഗാർ | - | 7000.00 | സുള്യ | - | 4000.00 |
| നെട്ടണ | - | 9200.00 | സംപാജെ | - | 4000.00 |
| പുത്തൂർ | - | 4500.00 | | | |

**ഉദനെ ഫൊറോനാ**

| | | | | | |
|---|---|---|---|---|---|
| ആറള | - | 2000 | നെല്ല്യാടി | - | 5000.00 |
| ഷീരാഡി | - | 17000.00 | | | |

**ജഡ്കൽ ഫൊറോനാ**

| | | | | | |
|---|---|---|---|---|---|
| മദ്യോടി | - | 2000.00 | കൽമക്കി | - | 1350.00 |

**ഫാ. തോമസ് പുതിയറ**

ഡയറക്ടർ, ഫാമിലി അപ്പസ്തോലേറ്റ്



# യൂത്ത് അപ്പസ്തോലേറ്റ്

**1. എസ്. എം. വൈ. എം രൂപതാ കലോത്സവം**

2018 ഒക്ടോബർ 19-ാം തീയതി കലാ മത്സരം ജ്ഞാനനിലയത്തിൽ വച്ചും **കായിക മത്സരങ്ങൾ** ഒക്ടോബർ 20 -ാം തീയതി സെന്റ് ജോസഫ് ചർച്ച് ധർമ്മസ്ഥല ഇടവകയിൽ വച്ചും നടത്തപ്പെട്ടു. **വിജയികളായവരുടെ പേരു വിവരങ്ങൾ.**

## Cultural Competitions

| No. | Item | Place | Name | Forane | Parish |
|---|---|---|---|---|---|
| 1. | Speech | | | | |
| | Boys | I | Rony | Thotathady | Mundaje |
| | | II | Prashanth | Udane | Shirady |
| | | III | Jibin | Thotathady | Kanchal |
| **2.** | **Speech Girls** | I | Alisha Lizebath | Mangaluru | Manipal |
| | | II | Alphonsa | Mangaluru | Kankanady |
| | | III | Jasmin | Thotathady | Mundaje |
| **3.** | **Solo** | I | Nimmymol | Mangalore | Manipal |
| | | II | Sameeksha | Belthangady | Navoor |
| | | III | Boby | Udane | Nellyady |
| **4.** | **Pencil Drawing** | I | Riju | Thotathady | Mundaje |
| | | II | Joseph | Kutrupady | Guthigar |
| | | III | Robin | Mangaluru | Katipalla |
| **5.** | **Mono Act Boys** | I | Deepak | Dharmasthala | Dharmasthala |
| | | II | Rony | Thotathady | Mundaje |
| | | III | Dileep | Dharmasthala | Kalanja |
| **6.** | **Mono Act Girls** | I | Alisha Lizebath | Mangaluru | Manipal |
| | | II | Krithika | Belthangady | Belthangady |
| | | III | Jesna | Dharmasthala | Battial |

| Item | Place | Name | Forane | Parish |
|---|---|---|---|---|
| 7. Group Song | I | Nimmymol & Team | Mangaluru | Manipal |
| | II | Sameeksha & Team | Belthangady | Navoor |
| | III | Tince & Team | Jadkal | Mudur |
| 8. Group Dance | I | Megha & Team | Mangaluru | Kankanady |
| | II | Mareena & Team | Thotathady | Thotathady |
| | III | Nayana & Team | Udane | Udane |
| 9. Quiz | I | Alphonsa & Team | Kutrupady | Kutrupady |
| | II | Nithin & Team | Thottathady | Thottathady |
| | III | AnMaria & Team | Dharmasthala | Ujire |
| | III | Einstin & Team | Hebri | Jadkal |
| 10. Skit | I | Romy & Team | Mangaluru | Katipalla |
| | II | Ajith & Team | Kutrupady | Kutrupady |
| | III | Prashanth & Team | Udane | Shirady |

## Sports Competitions

| Item | Place | Name | Forane | Parish |
|---|---|---|---|---|
| 1. Shuttle Boys | I | Sachu & Team | Belthangady | Bangady |
| | II | Sherin & Team | Thotathady | Gandibagilu |
| 2. Shuttle Girls | I | Josmi & Team | Mangalore | Manipal |
| | II | Deepthi & Team | Thotathady | Kanchal |
| 3. Volley Ball | I | Albin & Team | Dharmasthala | Dharmasthala |
| | II | Sujith & Team | Thotathady | Thotathady |
| 4. Throw Ball | I | Archana & Team | Belthangady | Shirlal |
| | II | Megha & Team | Mangaluru | Kankanady |
| 5. Tug of War Boys | I | Jaison & Team | Dharmasthala | Dharmasthala |
| | II | Thejo & Team | Udane | Addahole |
| 6. Tug of War Girls | I | Anju & Team | Mangaluru | Manipal |
| | II | Sandra & Team | Belthangady | Belthangady |



**Overall Champion :** 1st Place - Mangaluru Forane
2nd Place - Thottathady Forane
Best Parish - Manipal

### 2.അംഗത്വ സ്വീകരണവും, നവീകരണവും:

ബെൽത്തംഗഡി രൂപതയുടെ യുവജന സംഘടനയായ എസ് എം വൈ എം. ന്റെ മദ്ധ്യസ്ഥനായ വി. ജോൺ പോൾ രണ്ടാമൻ മാർപ്പാപയുടെ തിരുനാൾ ഒക്ടോബർ 22 -ാം തീയതിയായിരുന്നു. ഇതിന്റെ ഭാഗമായി വി. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെ അനുസ്മരണ ദിനവും എസ് എം വൈ എം. ന്റെ അംഗത്വ സ്വീകരണവും നവീകരണവും 2018 നവംബർ 18 -ാം തീയതി ഞായറാഴ്ച രൂപതയിലെ എല്ലാ ഇടവകകളിലും വച്ച് നടത്തപ്പെടുന്നു. അന്നേ ദിനം യുവജന ദിനമായി എല്ലാ ഇടവകകളും ആഘോഷിക്കുമല്ലോ.

## പിതൃവേദി

### 1. എച്ച്. ഐ. വി എയ്ഡ്സ് ബാധിത കുടുംബസഹായ പദ്ധതി

2018 നവംബർ മാസം എച്ച്.ഐ.വി. എയ്ഡ്സ് ബാധിത കുടുംബങ്ങളെ സഹായിക്കേണ്ടത് ബെൽത്തംഗഡി ഫൊറോനയാണ്. 2018-19 വർഷത്തിൽ എച്ച്. ഐ.വി. എയ്ഡ്സ് ബാധിത കുടുംബങ്ങളെ സഹായിക്കേണ്ട ഫൊറോനയും മാസങ്ങളും താഴെ കൊടുത്തിരിക്കുന്നു.

| | | |
|---|---|---|
| 2018 | ഓഗസ്റ്റ് | - ഉദന ഫൊറോന |
| 2018 | സെപ്റ്റംബർ | - തോട്ടത്താടി ഫൊറോന |
| 2018 | ഒക്ടോബർ | - ധർമ്മസ്ഥല ഫൊറോന |
| 2018 | നവംബർ | - ബെൽത്തംഗഡി ഫൊറോന |
| 2018 | ഡിസംബർ | - മംഗളൂറു ഫൊറോന |
| 2019 | ജനുവരി | - ജഡ്ക്കൽ ഫൊറോന |

ഫാ. തോമസ് പുതിയറ
ഡയറക്ടർ, യൂത്ത് അപ്പസ്തോലേറ്റ്

| 2018 October 18 | | ആരാധനാഗ്നി<br>101 ദിവസത്തെ ആരാധന | | | 2019 January 26 | |
|---|---|---|---|---|---|---|
| **Sunday** | **Monday** | **Tuesday** | **Wednesday** | **Thursday** | **Friday** | **Saturday** |
| | | | | October<br>18<br>Devagiri | October<br>19<br>Gandibagilu | October<br>20<br>Kanjal |
| October<br>21<br>Thottathady | October<br>22<br>Mundaje | October<br>23<br>Ujire | October<br>24<br>Dharmasthala | October<br>25<br>Bolminar | October<br>26<br>Kalanja | October<br>27<br>Battial |
| October<br>28<br>Arasianamakki | October<br>29<br>Nellyady | October<br>30<br>Arala | October<br>31<br>Ichilampady | November<br>1<br>Udane | November<br>2<br>Shirady | November<br>3<br>Addahole |
| November<br>4<br>Puttur | November<br>5<br>Sampaje | November<br>6<br>Sullia | November<br>7<br>Kutrupady | November<br>8<br>Padavu | November<br>9<br>Guthigar | November<br>10<br>Nettana |
| November<br>11<br>Siddapura | November<br>12<br>Ajiri | November<br>13<br>Hebri | November<br>14<br>Jadkal | November<br>15<br>Mudur | November<br>16<br>Shirur | November<br>17<br>Maddody |
| November<br>18<br>Kundapura | November<br>19<br>Kalmakky | November<br>20<br>Manipal | November<br>21<br>Kattipalla | November<br>22<br>Kervashe | November<br>23<br>Siddapura kodagu | November<br>24<br>Hoskote |
| November<br>25<br>Hanchikadu | November<br>26<br>Heggla | November<br>27<br>Banavara | November<br>28<br>Kalmakky | November<br>29<br>Ajekar | November<br>30<br>Kankanady | December<br>1<br>Bajagoli |



| | | | | | | |
|---|---|---|---|---|---|---|
| December<br>2<br>Malachowki | December<br>3<br>Kuthlur | December<br>4<br>Shirlal | December<br>5<br>Venur | December<br>6<br>Navoor | December<br>7<br>Bangady | December<br>8<br>Moorje |
| December<br>9<br>Belthangady | December<br>10<br>Devagiri | December<br>11<br>Gandibagilu | December<br>12<br>Kanjal | December<br>13<br>Thottathady | December<br>14<br>Mundaje | December<br>15<br>Ujire |
| December<br>16<br>Dharmasthala | December<br>17<br>Bolminar | December<br>18<br>Kalanja | December<br>19<br>Battial | December<br>20<br>Arala | December<br>21<br>Nellyady | December<br>22<br>Shirady |
| December<br>23<br>Udane | December<br>24<br>Mathruvedhi | December<br>25<br>Pithruvedi | December<br>26<br>Sampaje | December<br>27<br>Gonikopa | December<br>28<br>S.M.Y.M | December<br>29<br>Mudur |
| December<br>30<br>Puttur | December<br>31<br>Kutrupady | January<br>1<br>Venur | January<br>2<br>Navoor | January<br>3<br>Ajiri | January<br>4<br>Jadkal | January<br>5<br>Sullia |
| January<br>6<br>Maddody | January<br>7<br>Addahole | January<br>8<br>Manipal | January<br>9<br>Kattipalla | January<br>10<br>Kankanady | January<br>11<br>Heggla | January<br>12<br>Siddapura |
| January<br>13<br>Banavara | January<br>14<br>Gonikopa | January<br>15<br>Hoskote | January<br>16<br>Ajekar | January<br>17<br>Kervashe | January<br>18<br>Bajagoli | January<br>19<br>Malachowki |
| January<br>20<br>Kuthlur | January<br>21<br>Shirlal | January<br>22<br>Guthigar | January<br>23<br>Nettana | January<br>24<br>Bangady | January<br>25<br>Moorje | January<br>26<br>Belthangady |

**Fr. Thomas Puthiyara**
Director Family apostolate

# SEVEN NEW SAINTS FOR CATHOLIC CHURCH

Vatican City, Oct 15: A former pontiff, a Spanish-born nun who is said to have performed her first miracle in Argentina and a slain Salvadorean Bishop were among the seven new saints canonised on Oct 14 by Pope Francis at the Vatican.

Giovanni Battista Montini (better known as Pope Paul VI), Archbishop Oscar Romero, Vincenzo Romano, Francesco Spinelli, Nunzio Sulprizio, Nazaria Ignacia March Mesa and Maria Katharina Kasper were officially recognised as saints at a ceremony attended by some 70,000 people in St. Peter's Square.

Pope Paul VI is credited with continuing the work of Pope John XXIII and bringing the church into the modern era with a series of reforms introduced after the Second Vatican Council in the 1960s."Even in the midst of tiredness and misunderstanding, Paul VI bore witness in a passionate way to the beauty and the joy of following Christ totally," said Pope Francis about Paul VI, who was the third Pope after John Paul II and John XXIII to be declared a saint since his election in 2013.

Archbishop Óscar Romero was gunned down in a hospital church in El Salvador 38 years ago. In his homily on Oct 14, Francis said Romero "left the security of the world, even his own safety, in order to give his life according to the Gospel, close to the poor and to his people."

Romero, who was beatified by Francis in El Salvador in 2015, was the archbishop of the nation's capital city of San Salvador. He was shot while celebrating Mass March 24, 1980, during the birth of a civil war between leftist guerrilla forces and the dictatorial government of the right.An outspoken critic of the violence and injustices being committed at the time, Romero was declared a martyr who was killed in hatred of the faith for his vocal defense of human rights.As a tribute to Romero and Montini,Pope Francis wore the blood-stained rope belt Romero wore when he was murdered in 1980 and also used Pope Paul's staff, chalice and vestment. Both men strongly influenced Pope Francis



and he praised them for their courage in turbulent times and their dedication to social justice and the poor.

Born in Spain on January 10, 1889 as Nazaria Ignacia March Mesa, she was better known in Catholic circles as Nazaria of Saint Teresa of Jesus, founder of the Congregation of the Cross Missionary Sisters of the Church.The nun's first miracle is said to have happened in Buenos Aires, with the sudden cure of an agonising woman.In 1931 she created the dining room "Olla del pobre" (The poor person's pot) in four Bolivian cities, which still remain open to this day, supplying food to some 200 people daily.

Vincenzo Dominico Romano (1751-1831) was an Italian Roman Catholic parish priest of the village of Herculano, who was noted for his simplistic and frugal manner of living and for his great care of orphans. Pope Paul VI had beatified him in 1963.

Francesco Spinelli (1853-1913) was an Italian Roman Catholic priest and the founder of the Sisters Adorers of the Blessed Sacrament. He was beatified by John Paul II in 1992.

Nunzio Sulprizio (1817-1836) was an Italian Roman Catholic from Pescara who worked as an apprentice blacksmith and was considered to be a gentle and pious individual. Beatified in 1963, he is said to have performed two miraculous healings.

Maria Katharina Kasper (1820-1898) was a German Roman Catholic nun. She founded the Poor Handmaids of Jesus Christ congregation. She stood out for her dedication to the poor and the ill. She was beatified by Paul VI in 1978.

---

**Vatican Information Service**

# അഭിവന്ദ്യ പിതാവിന്റെ ഡയറിയിൽനിന്ന്

## ഒക്ടോബർ 2018

| | |
|---|---|
| 01–05 | Ballari രൂപതയിലെ ബഹുമാനപ്പെട്ട വൈദികർക്കുവേണ്ടി ധ്യാനം നടത്തി. |
| 8 | KET മീറ്റിംഗിൽ പങ്കെടുത്തു. |
| 9 | രൂപത Consultors മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. |
| 10– 31 | അമേരിയ്ക്കയിലെ ചിക്കാഗോ രൂപത സന്ദർശിച്ചു. |


**For Correspondence & Subscription to Udayadeepa:**

The Editor
Udayadeepa Belthangady
Bishop's House
P.B.No. 13
Belthangady-574 214
D.K.,Karnataka.

**E-mail: udayadeepabel@gmail.com**; lawrencepoonolil2@gmail.com

**Mob.:** 9481039879 **Tel. :** 08256-233975, 232439




# BISHOP'S ENGAGEMENTS

## November - 2018



| | |
|---|---|
| 1-7 | Out of Station |
| 8 | Engaged |
| 10 | Sauharda Vedike |
| 11 | Manipal |
| 12-13 | Engaged |
| 17 | Gandibagilu |
| 19-20 | Bengaluru KRCBC |
| 22 | Engaged |
| 24 | Sauharda Vedike |
| 25-26 | Kutrupady |
| 26 | Morning **:** KRST, **:** Evening Puttur Seminary |
| 27 | Morning **:** KET |
| 27- 28 | Priests' Conference |
| 29 | School Day **:** Bharth Matha High School, Mudur |
| 30 | Sisters Gathering - I |